# ദി ഡിഫെൻഡർ

Vol. No. 9 Issue No. 14 RNI Reg. No. 68089 / 97 Published From Perumbavoor 2006 JULY 16 Price: Rs.100/- P.A.

# സൈബർ കേസ്സ് വിധി ജില്ലാ കോടതി സ്റ്റേ ചെയ്തു

സൈബർ കേസ്സ് പ്രതികളെ ശിക്ഷിച്ചുകൊണ്ട് പത്തനംതിട്ട ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി പുറപ്പെടുവിച്ച ഉത്തരവ് നടപ്പിലാക്കുന്നത് പത്തനംതിട്ട ജില്ലാ കോടതി സ്റ്റേചെയ്തു. സി.ജെ.എം. കോടതിയുടെ വിധിക്കെതിരെ പ്രതികൾ സമർപ്പിച്ച അപ്പീൽ ഫയലിൽ സ്വീകരിച്ചുകൊണ്ടാണ് സെഷൻസ് കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചത്. പ്രതികൾക്ക് കോടതി ജാമ്യം അനുവദിക്കയും ചെയ്തു.

പ്രതികളെ ശിക്ഷിച്ചുകൊണ്ട് ജൂൺ 20ന് പത്തനംതിട്ട സി.ജെ.എം. കോടതി വിധി പറഞ്ഞയുടൻതന്നെ പ്രതികൾ ഈ വിധി സ്റ്റേ ചെയ്യാൻ സി.ജെ. എം. കോടതിയിൽ അപേക്ഷ കൊടുക്കുകയുണ്ടായി. അപേക്ഷ സ്വീകരിച്ച സി.ജെ.എം. കോടതി, വിധി നടപ്പാക്കുന്നത് ജൂലൈ 20 വരെ സ്റ്റേ ചെയ്യുകയും പ്രതികൾക്ക് ജാമ്യം അനുവദിക്കയും ചെയ്തിരുന്നു. മേൽക്കോടതിയിൽ അപ്പീൽ കൊടുക്കാൻ സമയം ലഭിക്കുന്നതിനാണ് ഇങ്ങനെ വിധി സ്റ്റേ ചെയ്തത്. അതുകൊണ്ട് വിധി പ്രസ്താവിച്ച് ഏതാനും മിനിട്ടുകൾക്കകം തന്നെ പ്രതികൾക്ക് ജാമ്യം എടുത്ത് വീട്ടിലേക്ക് മടങ്ങുവാൻ കഴിഞ്ഞു.

സി.ജെ.എം. കോടതിയിൽ നിന്നുള്ള വിധിക്കെതിരെ അപ്പീൽ കൊടുക്കേണ്ടത് ഡിസ്ട്രിക്റ്റ് & സെഷൻസ് കോടതിയിലാണ്. അതുകൊണ്ടാണ് പത്തനെതിട്ട ജില്ലാ കോടതിയിൽ അപ്പീൽ കൊടുത്തത്. ജില്ലാ കോടതിയുടെ വിധിക്കെതിരെ ഹൈക്കോടതിയിലും ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിലും അപ്പീൽ കൊടുക്കാം. ഇതാണ് ഇന്ത്യയിലെ നിയമ നടപടിക്രമം.

ഉയർന്ന കോടതികളിലേക്ക് പോകുമ്പോൾ നിയമം വളരെ സൂക്ഷ്മമായി പരിശോധിക്കയും നിരപരാധികൾ ശിക്ഷിക്കപ്പെടാതിരിക്കാൻ കോടതി കൂടുതൽ ശ്രദ്ധിക്കയും ചെയ്യും. കുറ്റം സംശയാതീതമായി തെളിയിക്കപ്പെടാതെ പ്രതികളെ ശിക്ഷിക്കയില്ല. സൈബർ കേസ്സിൽ ഉൾപ്പെട്ടിരിക്കുന്ന ഗുരുതരമായ നിയമപ്രശ്നങ്ങൾ മേൽക്കോടതികൾ സൂക്ഷ്മമായി പരിശോധിക്കയും അതിനനുസൃതമായി വിധി പറയുകയും ചെയ്യുമ്പോൾ തങ്ങളുടെ നിരപരാധിത്വം തെളിയുമെന്നും കോടതി തങ്ങളെ കുറ്റവിമുക്തരാക്കുമെന്നും സൈബർ കേസ്സിലെ പ്രതികൾ പ്രത്യാശിക്കുന്നു.

# ഐ.പി.സി. ഭാരവാഹിയാകാൻ വത്സന് യോഗ്യതയില്ല



സെപ്റ്റംബർ 13ന് കുമ്പനാട്ട് നടക്കുന്ന ഐ.പി.സി. ജനറൽ ഇലക്ഷനിൽ മത്സരിക്കാൻ വൽസൻ ഏബ്രഹാം അയോഗ്യനാണെന്ന് ഐ.പി.സിയുടെ ചില പ്രമുഖ നേതാക്കൾ വ്യക്തമാക്കുന്നു. സ്ഥാനാർത്ഥികളുടെ യോഗ്യതകൾ വിവരിച്ച് പുറത്തിറക്കിയിരിക്കുന്ന ഉത്തരവനുസരിച്ച് വൽസൻ യോഗ്യനല്ലെന്നാണ് നേതാക്കൻമാരുടെ വാദം.

മറ്റ് സഭകളുടേയോ സംഘടനകളുടേയോ നേതൃസ്ഥാനത്തുള്ളവർക്ക് ഐ.പി.സി. ഭാരവാഹിയാകാൻ യോഗ്യതയില്ല എന്നതാണ് നിബന്ധനകളിൽ ഒന്ന്. ടി.എസ്.ഏബ്രഹാമിനും വൽസൻ ഏബ്രഹാമിനും ഇഷ്ടമല്ലാത്ത ചിലരെ ഒഴിവാക്കാനായി മന:പൂർവ്വം ഉണ്ടാക്കിയിട്ടുള്ള ഈ ചട്ടങ്ങൾ വൽസനുതന്നെ വിനയാകുകയാണ്. കെ.ഇ.ഏബ്രഹാം ഫൗണ്ടേഷൻ എന്ന സംഘടനയുടെ ഔദ്യോഗിക ഭാരവാഹിയാണ് വൽസൻ ഏബ്രഹാം. അതുപോലെതന്നെ, അമേരിക്കയിലുള്ള ഇന്ത്യാ ഗോസ്പൽ ഔട്ട്റീച്ച് എന്ന സംഘടനയുടെ തലപ്പത്തും വൽസൻ ഉണ്ട്. ഐ.പി.സി. എന്ന ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് സമാനമായ ഉദ്ദേശ്യ ലക്ഷ്യങ്ങളുള്ളതും അതേവിധത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതുമായ സമാന്തര സംഘടനകളാണ് കെ.ഇ.ഏബ്രഹാം ഫൗണ്ടേഷനും ഇന്ത്യാ ഗോസ്പൽ ഔട്ട് റീച്ചും. ശാരോൺ ഫെലോഷിപ്പ് ചർച്ച്, ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ, അസംബ്ലീസ് ഓഫ് ഗോഡ് തുടങ്ങിയ പെന്തക്കോസ്ത് സംഘടനകൾ എങ്ങനെയോ അങ്ങനെതന്നെയാണ് വൽസൻ നേതാവായിരിക്കുന്ന സംഘടനകൾ. അതുകൊണ്ട് വൽസൻ മറ്റ് രണ്ടു സംഘടനകളുടെ/സഭകളുടെ ഔദ്യോഗിക ഭാരവാഹിയും ശുശ്രൂഷകനുമാണ്. ഇത്തരത്തിലുള്ള ഒരാൾക്ക് ഐ.പി.സിയുടെ ഭാരവാഹിയാകാൻ യോഗ്യതയില്ല എന്ന് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ നിബന്ധനകളിൽ വ്യക്തമായി പറയുന്നു.

കാരണവർക്ക് എന്തുമാകാം എന്ന സ്ഥിതിയാണ് ഐ.പി.സിയിൽ ഉള്ളത്. എന്നെന്നും അങ്ങനെതന്നെ ആയിരുന്നു താനും. കെ.ഇ.ഏബ്രഹാമിന്റെ കാലത്ത് അദ്ദേഹത്തിന്റെ അപ്രീതിക്ക് പാത്രരായവർ സഭയ്ക്ക് പുറത്തായി. കെ.ഇ.ഏബ്രഹാമിനെ ചോദ്യം ചെയ്യാൻ ശ്രമിച്ചവരുടെ പൊടിപോലും പിന്നെ ഐ.പി.സിയിൽ അവശേഷിച്ചില്ല.

അപ്പന്റെ തഴമ്പിന്റെ ബലത്തിൽ ഐ.പി.സിയുടെ നേതൃത്വത്തിൽ എത്തിയ ടി.എസ്. ഏബ്രഹാമിന്റെ ഭരണകാലത്തും സ്ഥിതി മറിച്ചായിരുന്നില്ല. ടി.എസ് ഏബ്രഹാമിനെതിരെ വായ് തുറന്നവരാരും ഐ.പി.സിയിൽ ഏറെക്കാലം ഉണ്ടായില്ല. ടി.എസ്.ഏബ്രഹാമിന്റെ സെക്രട്ടറിയേപ്പോലെ കഴിഞ്ഞിരുന്ന കെ.പി.കുര്യന്റെ ഇന്നത്തെ സ്ഥിതിതന്നെ നല്ല ഉദാഹരണം. ഭാരവാഹിയായിരിക്കാനുള്ള പരമാവധി പ്രായം കഴിഞ്ഞതുകൊണ്ട് ടി.എസ്.ഏബ്രഹാമിന് ഇത്തവണ മത്സരിക്കാൻ പറ്റില്ല. അതുകൊണ്ട്, കൊന്നത്തെങ്ങിന്റെ ചുവട്ടിൽ തൈത്തെങ്ങു വയ്ക്കുന്നതുപോലെ, വൽസൻ ഏബ്രഹാമിനെ ജനറൽ സെക്രട്ടറി ആക്കുകയാണ്. രണ്ട് ഊഴങ്ങളിലായി ആറു കൊല്ലം ജനറൽ സെക്രട്ടറി ആയിരുന്നശേഷം അടുത്ത ആറു വർഷം ജനറൽ പ്രസിഡന്റായിരിക്കാം. അങ്ങനെ സെക്രട്ടറി, പ്രസിഡന്റ് എന്നീ പദവികളിൽ ആജീവനാന്തം തുടരാം. ഇതാണ് പദ്ധതി. പക്ഷേ സ്ഥാനാർത്ഥികളുടെ യോഗ്യത നിർണ്ണയിച്ച് പുറത്തിറക്കിയിരിക്കുന്ന ചട്ടങ്ങൾ പാലിച്ചാൽ വൽസന്റെ പദ്ധതി പൊളിയും. എങ്കിലും ഐ.പി.സിയിൽ വൽസനെതിരെ വായ് തുറക്കാൻ ആരും തയ്യാറാകില്ലെന്നു തീർച്ച.

# പെന്തക്കോസ്തിലെ പ്രശ്നങ്ങൾ മാദ്ധ്യമശ്രദ്ധ ആകർഷിക്കുന്നു

പെന്തക്കോസ്തിലെ പ്രശ്നങ്ങൾ മാദ്ധ്യമശ്രദ്ധ ആകർഷിക്കാൻ തുടങ്ങിയതായി സമീപകാല സംഭവങ്ങൾ തെളിയിക്കുന്നു. വായന മാസികയിൽ വന്ന സുദീർഘമായ ലേഖനമാണ് ഏറ്റവും ഒടുവിലത്തെ ഉദാഹരണം.

ക്രൈസ്തവരുടെ ഇടയിലുള്ള ഒരു ചെറിയ ഗ്രൂപ്പ് എന്നതിൽ കവിഞ്ഞ് ഒരു പ്രാധാന്യവും അടുത്ത കാലം വരെ മാദ്ധ്യമങ്ങൾ പെന്തക്കോസ്തർക്ക് നൽകിയിരുന്നില്ല. വികാരാവേശവും അന്ധവിശ്വാസവും കൈമുതലായുള്ള ഒരുകൂട്ടം ക്രിസ്ത്യാനികൾക്കോ അവരുടെ ഇടയിൽ നടക്കുന്ന സംഭവങ്ങൾക്കോ കാര്യമായ വാർത്താ പ്രാധാന്യം ഉണ്ടെന്ന് ഭുരിപക്ഷം മാദ്ധ്യമങ്ങളും കരുതിയിരുന്നതുമില്ല. എന്നാൽ പെന്തക്കോസ്തർ എന്നത് ഒരു ചെറിയ ഗ്രൂപ്പ് അല്ല എന്നും ബാഹ്യലോകം അറിഞ്ഞിട്ടില്ലാത്ത ഒട്ടേറെ കാര്യങ്ങൾ പെന്തക്കോസ്തിലുണ്ടെന്നും മിക്ക മാദ്ധ്യമങ്ങളും മനസ്സിലാക്കി കഴിഞ്ഞു.

വളരെ അപൂർവ്വമായി മാത്രമേ പെന്തക്കോസ്ത് സഭകളേക്കുറിച്ചുള്ള വാർത്തകൾ പത്രങ്ങളിൽ വരുകയുള്ളൂ. കൺവെൻഷൻ വാർത്തകളാണ് അവയിൽ പ്രധാനം. ഭാരവാഹികളെ തെരഞ്ഞെടുത്തു എന്ന വാർത്തയും ചിലപ്പോൾ കാണാം. ഇതായിരുന്നൂ സ്ഥിതി. എന്നാൽ ഏതാനും വർഷം മുൻപ് ഐ.പി.സിയുടെ ജനറൽ പ്രസിഡന്റായ ടി.എസ്.ഏബ്രഹാമിന്റെ ദുർന്നടപടികളേക്കുറിച്ചും അനുബന്ധമായുണ്ടായ ഗർഭഛിദ്രത്തേക്കുറിച്ചും ഹിന്ദുവിശ്വ, മസ്ദൂർ ഭാരതി എന്നീ പ്രസിദ്ധീകരണങ്ങളിൽ വാർത്ത വന്നു. ഏറെ താമസിയാതെ, ഈ വിഷയങ്ങളേക്കുറിച്ച് ആത്മാഭിമാനി എന്ന ദ്വൈവാരിക വിശദമായി എഴുതി. ടി.എസ്.ഏബ്രഹാം, മകനായ വത്സൻ ഏബ്രഹാം എന്നിവരുടെ ദുർന്നടപടികൾ, സാമ്പത്തിക വെട്ടിപ്പ് തുടങ്ങിയവയായിരുന്നു ആത്മാഭിമാനിയിലൂടെ പൊതുജനം അറിഞ്ഞത്. കെ.പി.യോഹന്നാൻ ബിഷപ്പായതുമായി ബന്ധപ്പെട്ട് കുറെ വാർത്തകൾ പത്രങ്ങളിൽ വന്നിരുന്നു. എന്നാൽ കൾട്ടിന്റെ സ്വഭാവമുള്ള പ്രസ്ഥാനമാകയാൽ കെ.പി. യോഹന്നാന്റെ സംഘടനയേക്കുറിച്ചോ പ്രവർത്തനങ്ങളേക്കുറിച്ചോ ഏറെയൊന്നും പത്രങ്ങൾക്ക് അറിയാൻ കഴിഞ്ഞില്ല.

വായന ദ്വൈവാരികയുടെ ജൂലൈ 15 ലക്കത്തിലെ ലേഖനം ആഴമായ പഠനങ്ങൾക്കുശേഷം എഴുതിയിട്ടുള്ളതാണ്. ചില അബദ്ധങ്ങൾ ഒഴിവാക്കിയാൽ ഈ ലേഖനം ഏറെക്കുറെ സത്യസന്ധമാണെന്ന് പറയാം. പെന്തക്കോസ്തിൽ വിദേശ പണത്തിനുള്ള സ്ഥാനം വായന വെളിവാക്കുന്നു. വിദേശ പണത്തിന്റെ ദുരുപയോഗത്തിലൂടെ അനുദിനം തടിച്ചു കൊഴുത്തുകൊണ്ടിരിക്കുന്ന പെന്തക്കോസ്ത് നേതാക്കൻമാരെപ്പറ്റി അല്പംകൂടി വിശദീകരിച്ചിരുന്നെങ്കിൽ ലേഖനം കൂടുതൽ വസ്തുനിഷ്ഠമാകുമായിരുന്നു. ഏതായാലും പെന്തക്കോസ്തിലെ അരമനരഹസ്യങ്ങൾ ഏറെ താമസിയാതെ അങ്ങാടിപ്പാട്ടാകുമെന്നുറപ്പായി.

# എട്ടാമത്തെ സി.ഡി. തയ്യാറാകുന്നു

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ റ്റി.എസ്. ബാലൻ തയ്യാറാക്കിവരുന്ന 10 സി.ഡി.കളിൽ എട്ടാമത്തേതിന്റെ റിക്കാഡിംഗ് പുരോഗമിക്കുന്നു. ബൈബിളുമായി ബന്ധപ്പെട്ട സംശയങ്ങളാണ് ഈ സി.ഡിയുടെ വിഷയം.

അടിസ്ഥാന വേദോപദേശങ്ങളാണ് ആദ്യ സി.ഡിയിൽ ഉള്ളത്. കൾട്ടുകളേക്കുറിച്ചുള്ള പഠനങ്ങളാണ് രണ്ടാമത്തെ സി.ഡിയുടെ ഉള്ളടക്കം. പരിശുദ്ധാത്മ ശാസ്ത്രം, ദുരാത്മ ശാസ്ത്രം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങളെല്ലാം മൂന്നാമത്തെ സി.ഡിയിലുണ്ട്. ക്രൈസ്തവ സഭകളിൽ നിലനിൽക്കുന്ന പ്രധാന ദുരുപദേശങ്ങളേക്കുറിച്ചാണ് നാലാമത്തെ സി.ഡിയിൽ പഠിക്കുന്നത്. ലോകമതങ്ങളാണ് അഞ്ചാമത്തെ സി.ഡിയുടെ വിഷയം. ബൈബിൾ വ്യാഖ്യാനിക്കേണ്ടതെങ്ങനെയെന്ന് ആറാമത്തെ സി.ഡിയിൽ വിവരിക്കുന്നു. ഭാവികാല ശാസ്ത്രം എന്നതാണ് ഏഴാമത്തെ സി.ഡിയുടെ വിഷയം.

ഏതെങ്കിലും ഒരു സി.ഡി. ആവശ്യമുള്ളവർ 100 രൂപ മണിയോഡർ അയച്ചാൽ മതിയാകും. ആദ്യത്തെ ഏഴു സി.ഡികൾക്ക് 700 രൂപ അയയ്ക്കുക. പത്തു സി.ഡികൾ അടങ്ങിയ ഒരു സെറ്റിന് 1000 രൂപയാണ് വില. ഇപ്പോൾ പണം അടയ്ക്കുന്നവർ 900 രൂപ നൽകിയാൽ മതിയാകും. മണിയോഡർ കൂപ്പണിൽ പൂർണ്ണമായ വിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കണം. സി.ഡി. കുരിയർ സർവ്വീസ് വഴിയാണ് അയയ്ക്കുന്നത്. അതുകൊണ്ട് ഏറ്റവും അടുത്തുള്ള കുരിയർ സർവ്വീസിന്റെ പേരും അറിയിക്കുക.

കൂടുതൽ വിവരങ്ങൾക്ക്: ഫോൺ - 94474 14608

വിലാസം:

**റ്റി.എസ്.ബാലൻ,**
**ആനന്ദ് ഭവൻ, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542**

ദി ഡിഫെൻഡർ
Vol. No.9 Issue No. 14 2006 July 16

# ഗുണ്ടാ നിയമത്തിന്റെ കാണാപ്പുറങ്ങൾ

യു.ഡി.എഫ്. സർക്കാർ പുറപ്പെടുവിച്ച ഗുണ്ടാ വിരുദ്ധ ഓർഡിനൻസ് നിയമമാക്കാൻ എൽ.ഡി.എഫ്. സർക്കാർ താല്പര്യം കാണിച്ചില്ല. അങ്ങനെ ആ ഓർഡിനൻസ് ലാപ്സായി. അത് സ്വാഭാവികമായും ഒട്ടേറെ വിമർശനങ്ങൾക്ക് കാരണമാകുകയും ചെയ്തു. എൽ.ഡി.എഫ്. സർക്കാരിന്റെ ഉദ്ദേശശുദ്ധിപോലും ചോദ്യം ചെയ്യപ്പെട്ടു. മറ്റൊരു ഗുണ്ടാ വിരുദ്ധ നിയമം അടുത്ത നിയമസഭാസമ്മേളനത്തിൽ അവതരിപ്പിക്കും എന്ന് പറയേണ്ടതായി വന്നത് ഈ സാഹചര്യത്തിലാണ്.

ഗുണ്ടാ വിരുദ്ധ ഓർഡിനൻസ് പുറപ്പെടുവിച്ചതിലൂടെ തങ്ങൾ എന്തോ പുണ്യപ്രവൃത്തി ചെയ്യുകയായിരുന്നെന്നും എൽ.ഡി.എഫ്. സർക്കാർ അതെല്ലാം തകർത്തെന്നും ധ്വനിപ്പിക്കുന്ന വിധത്തിലാണ് യു.ഡി.എഫ്. പ്രതികരിക്കുന്നത്. പക്ഷേ കണ്ണടച്ച് ഇരുട്ടാക്കാനുള്ള ശ്രമമാണിത് എന്ന് പറയാതെവയ്യ. ഓർഡിനൻസ് പുറപ്പെടുവിച്ചശേഷം ഒരുവിധത്തിലുള്ള തുടർന്നടപടികളും യു.ഡി.എഫ്. സർക്കാർ എടുത്തില്ല എന്ന വസ്തുത അവർ സൗകര്യപൂർവ്വം മറക്കുന്നു. തെരഞ്ഞെടുപ്പ് അടുത്തു വന്നപ്പോൾ ജനങ്ങളുടെ കണ്ണിൽ പൊടിയിടാനുള്ള ഒരു തന്ത്രം എന്ന നിലയിൽ ഓർഡിനൻസ് പുറപ്പെടുവിക്കയായിരുന്നു എന്നതാണ് വസ്തുത.

ഗുണ്ടകളെ അടിച്ചമർത്തണം എന്ന കാര്യത്തിൽ രണ്ടു പക്ഷമില്ല. പക്ഷേ ഒരു രാഷ്ട്രീയ കക്ഷിക്കും ഗുണ്ടകളുടെ സഹായമില്ലാതെ നിലനിൽക്കാനാവില്ല എന്നതാണ് ഇന്നത്തെ സ്ഥിതി. അതുകൊണ്ട് ഗുണ്ടാ നിയമം പാസ്സാക്കിയാലും ഇത് നടപ്പിലാക്കാൻ കഴിയുമോ എന്ന് കണ്ടറിയണം. ഗുണ്ടകൾ ആരാണെന്ന കാര്യത്തിലും സംശയമുണ്ടാകാം. എൽ.ഡി.എഫ്. കണ്ടെത്തുന്ന ഗുണ്ടകൾ യു.ഡി.എഫിന്റെ പ്രവർത്തകരാണെന്ന വന്നാൽ എന്തുചെയ്യും? യു.ഡി.എഫ്. ഭരിക്കുമ്പോൾ നേരേ തിരിച്ചും സംഭവിക്കാം. ഗുണ്ടകളെ ഒരു നിശ്ചിത കാലം വിചാരണ കൂടാതെ തടവിൽ വയ്ക്കാം എന്നുകൂടി വരുമ്പോൾ പ്രശ്നം ഗുരുതരമാകും.

ഗുണ്ടകളെ അമർച്ച ചെയ്യും എന്നൊക്കെ പറയാൻ എളുപ്പമാണ്. പക്ഷേ ഇത് നടപ്പിലാക്കാൻ ഏറെ ബുദ്ധിമുട്ടേണ്ടതായി വരും. എതിരാളികളെ തകർക്കാൻ രാഷ്ട്രീയക്കാരോ പോലീസ് ഉദ്യോഗസ്ഥരോ ഈ നിയമം ദുർവ്വിനിയോഗം ചെയ്യാനുള്ള സാദ്ധ്യത ഏറെയാണ്. അതുകൊണ്ട് ഗുണ്ടാ വിരുദ്ധ നിയമം ഉണ്ടാക്കുന്നതും അത് നടപ്പിലാക്കുന്നതും വളരെ സൂക്ഷിച്ചുമതി. അല്ലെങ്കിൽ വെളുക്കാൻ തേച്ചത് പാണ്ടാകും.

# സത്യം സത്യമായി

കുടത്തിൽ നിന്നും പുറത്തായ ഭൂതത്തെ വീണ്ടും കുടത്തിനുളളിൽ കയറ്റുക എന്നത് അത്ര എളുപ്പമുളള കാര്യമല്ല. എ.കെ.ആന്റണി സർക്കാർ സ്വാശ്രയ ഭൂതത്തെ തുറന്നു വിട്ടപ്പോൾ ഇത്ര ഗുരുതരമായ പ്രശ്നങ്ങൾ ഉണ്ടാകുമെന്ന് ആരും കരുതിയില്ല.

രണ്ടു സ്വാശ്രയ കോളേജ് സമം ഒരു സർക്കാർ കോളേജ് എന്നൊരു ഉട്ടോപ്യൻ സിദ്ധാന്തത്തിന്റെ പിൻബലത്തിലാണ് ആന്റണി സർക്കാർ ചോദിച്ചവർക്കെല്ലാം എൻ.ഒ.സി. കൊടുത്തത്. പക്ഷേ ഒരു വ്യവസ്ഥയും കൂടാതെയാണ് എൻ.ഒ.സി. കൊടുത്തത്. അതിന്റെ ഫലമാണ് ഇപ്പോൾ അനുഭവിക്കുന്നത്. "താൻതാൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ താൻതാൻ അനുഭവിച്ചീടുകെന്നേ വരൂ'' എന്ന തത്ത്വം ഈ പ്രശ്നത്തിൽ ബാധകമായില്ല. പഴയ സർക്കാർ ചെയ്തുവെച്ചതിന്റെ ഫലം ഇപ്പോഴുളളവർ അനുഭവിക്കുന്നു.

സ്വാശ്രയ മാനേജുമെന്റുകളുടെ കേസ്സ് സുപ്രീം കോടതി സ്വീകരിക്കാതിരുന്നത് സർക്കാരിന്റെ വിജയമാണെന്ന് ഘോഷിക്കുന്നതിൽ കഥയൊന്നുമില്ല. കേസ്സിന്റെ ഗുണദോഷങ്ങളിലേക്ക് കോടതി കടന്നില്ല എന്ന വസ്തുത സന്തോഷവാൻമാർ മറക്കുന്നു. മാത്രമല്ല കേസ്സ് ഹൈക്കോടതിയിൽ കൊടുക്കാനാണ് പറഞ്ഞിരിക്കുന്നത്. ഹൈക്കോടതിവിധി തൃപ്തികരമല്ലെങ്കിൽ വീണ്ടും സുപ്രീം കോടതിയെ സമീപിക്കയും ചെയ്യാം.

പകുതി സീറ്റുകളിൽ സർക്കാർ ഫീസ്, 35% സീറ്റുകളിൽ കെ.ടി.തോമസ് കമ്മീഷൻ നിർദ്ദേശിച്ച ഫീസ്, 15% എൻ.ആർ.ഐ. സീറ്റിൽ അഞ്ചിരട്ടി വരെ ഫീസ്. ഇതെങ്ങനെ നടപ്പിലാക്കും? ക്രോസ് സബ്സിഡി പാടില്ല എന്ന് സുപ്രീം കോടതി പണ്ടേ പറഞ്ഞിട്ടുള്ളതാണ്. ഈ വിധിയുടെ അന്തസത്തക്ക് നിരക്കാത്തതാണ് ഈ ഫീസ് ഘടന എന്ന് വ്യക്തം. ഇതിന് നിയമപരമായ നിലനിൽപ്പുണ്ടാകുമോ?

കെ.ടി.തോമസ് കമ്മീഷൻ നിർദ്ദേശിച്ച ഫീസിന്റെ അഞ്ചിരട്ടി കൊടുത്ത് പഠിക്കാൻ എത്ര എൻ.ആർ.ഐക്കാരെ കിട്ടും? വിദേശത്ത് എല്ലുമുറിയെ പണിയെടുത്തുണ്ടാക്കുന്ന പണം ഇങ്ങനെ കൊളളയടിക്കാൻ സർക്കാർ കൂട്ടുനിൽക്കുന്നത് ധാർമ്മികമാണോ?

സ്വാശ്രയ കോളേജ് മാനേജ്മെന്റുകൾ വിദ്യാർത്ഥികളെ കൊളളയടിക്കുകയാണെന്ന് ജസ്റ്റിസ് കെ.ടി.തോമസ് തന്നെ പറയുന്നു എന്നതാണ് പ്രസക്തമായ മറ്റൊരു വസ്തുത. കെ.ടി.തോമസ് കമ്മീഷൻ നിർദ്ദശിച്ച ഫീസ് സാധാരണക്കാരന് താങ്ങാനാവുന്നതല്ലെന്ന് കെ.ടി.തോമസ് തന്നെ പറയുന്നു എന്നത് ചെറിയ കാര്യമല്ല.

ഈ ഫീസ് ഘടനപ്രകാരം ലഭിക്കുന്ന പണംകൊണ്ട് സ്വകാര്യ പ്രൊഫഷണൽ കോളേജുകൾ നടത്തിക്കൊണ്ടു പോകാൻ കഴിയുമോ എന്ന ചോദ്യത്തിനും ഉത്തരം കണ്ടെത്തണം. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ലാഭമുണ്ടാക്കാനുളള ബിസിനസ്സല്ല എന്ന് അംഗീകരിക്കാമെങ്കിലും നഷ്ടമുണ്ടാകാതെ നോക്കേണ്ടതല്ലേ? നടത്തിക്കൊണ്ടു പോകാനുളള പണമെങ്കിലും കിട്ടാതെ എങ്ങനെ ഈ സ്ഥാപനങ്ങൾക്ക് നിലനിൽക്കാനാകും? ഇങ്ങനെ ഉത്തരം കിട്ടാത്ത പ്രശ്നങ്ങൾ ഒട്ടേറെയുണ്ട്.

സ്വകാര്യ പ്രശ്നത്തിൽ വെട്ടിലായിരിക്കുന്നത് വിദ്യാർത്ഥി സംഘടനകളാണ്. ഈ പൊല്ലാപ്പ് വലിച്ചു വെച്ചത് യു.ഡി.എഫ്. ആണ്. അതുകൊണ്ട് യു.ഡി.എഫ്. അനുകൂല സംഘടനകൾക്ക് സമരം ചെയ്യാൻ ധാർമ്മികമായി അവകാശമില്ല. മാത്രമല്ല, യു.ഡി.എഫ്. ഈ നിയമത്തിന് അനുകൂലമായി അസംബ്ലിയിൽ വോട്ടുചെയ്യുകയുമുണ്ടായി. ഭരിക്കുന്നത് എൽ.ഡി.എഫാണ്. അതുകൊണ്ട് എൽ.ഡി.എഫ്. അനുകൂല സംഘടനകൾക്കും മിണ്ടാൻ വയ്യ. മിച്ചമുളളത് ബി.ജെ.പി. യുടെ കുട്ടികളാണ്. അവർക്ക് ഈയിടെയായി വേണ്ടത്ര ശബ്ദവുമില്ല. അതുകൊണ്ട് ഈ പ്രശ്നത്തിന്റെ പേരിൽ, കെ.എസ്.യുക്കാർ നടത്തിയ ചെറിയ സമരം ഒഴികെ, നാളിതുവരെ കാര്യമായ സമരകോലാഹലങ്ങളൊന്നും ഉണ്ടായിട്ടില്ല.

ഡി.ഐ.സിയെന്നൊരു പാർട്ടി ഉളള കാര്യം കോൺഗ്രസ്സുകാർ മറന്ന മട്ടാണ്. ഇക്കണക്കിനു പോയാൽ ഡി.ഐ.സി. എന്നൊരു രാഷ്ട്രീയ കക്ഷി ഇല്ലാതാകുന്ന ലക്ഷണമുണ്ട്. ടി.എം.ജേക്കബ്ബും ജോണി നെല്ലൂരും പുതിയ പാർട്ടി ഉണ്ടാക്കാനുളള തയ്യാറെടുപ്പിലാണ്. ഡി.ഐ.സി. നേതാക്കൻമാരിൽ പലരും കോൺഗ്രസ്സിൽ മടങ്ങിയെത്താനുളള വഴി ആലോചിക്കുന്നു. വയനാട് ജില്ലയിൽ ഡി.ഐ.സി. നാമാവശേഷമായിക്കഴിഞ്ഞു. കരുണാകരന്റെ പോലീസ് വരുന്നത് സ്വപ്നം കണ്ട് ഇറങ്ങിത്തിരിച്ചവർ തെരഞ്ഞെടുപ്പു ഫലം വന്നപ്പോഴുണ്ടായ ഷോക്കിൽ നിന്നും മോചനം പ്രാപിച്ചിട്ടില്ല. യു.ഡി.എഫുമായി ഇനി ഒരു ബന്ധവും ഉണ്ടാക്കില്ലെന്ന് മുരളി പ്രഖ്യാപിക്കയും ചെയ്തിരിക്കുന്നു. ഇനി എന്തുണ്ടാകുമെന്ന് കണ്ടുതന്നെ അറിയണം.

ഉമ്മൻ ചാണ്ടിയും എ.കെ.ആന്റണിയും തമ്മിൽ ഇടയുകയാണോ? ആണെന്ന് പത്രക്കാർ പറയുന്നു. അതിൽ അല്പമെങ്കിലും സത്യമുണ്ടെന്ന് ആർക്കും തോന്നിപ്പോകും സമീപകാല സംഭവങ്ങൾ കണ്ടാൽ. അച്ഛൻ പത്തായത്തിലില്ല എന്ന് രണ്ടുപേരും ആണയിടുന്നത് വെറുതെയാണെന്ന് പറയാനാവുമോ?

വിട്ടാലും വിടാത്ത കമ്പിളിക്കെട്ട് എന്നു പറയുന്നതുപോലെയാണ് ഐസ്ക്രീം കേസ്സ്. സകല പൊല്ലാപ്പും തീർന്നു എന്ന് പ്രതികൾ ആശ്വസിച്ചിരിക്കുമ്പോഴാണ് കേസ്സ് ഉയിർത്തെഴുന്നേറ്റിരിക്കുന്നത്. വിചാരണ കോടതിയിൽ നിന്ന് തടിതപ്പാൻ പെട്ട പാട് പറഞ്ഞറിയിക്കാൻ വയ്യ. പതിനെട്ടടവും പയറ്റി. പണം കുറച്ചധികം ചെലവായി. ഇപ്പോഴിതാ കേസ്സ് കൂടുതൽ ശക്തിയോടെ എത്തുന്നു. ഭരിക്കുന്നത് ഇടതുപക്ഷമാണ്. അതുകൊണ്ട് ഒരുവിധത്തിലുളള പരിഗണനയും കിട്ടുകയില്ല. മാത്രമല്ല, അവർ എണ്ണം പറഞ്ഞ് കണക്കു ചോദിക്കയും ചെയ്യും. ഐസ്ക്രീം ഇത്രത്തോളം ഗുലുമാലുണ്ടാക്കുമെന്ന് സ്വപ്നത്തിൽ പോലും കരുതിയിരുന്നില്ല. ഇനി പറഞ്ഞിട്ടു കാര്യമില്ലല്ലോ.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ജില്ല തിരിച്ച് കെട്ടുകളാക്കി പെരുമ്പാവൂർ പോസ്റ്റ് ഓഫീസിൽ കൊടുക്കയാണ് ചെയ്യുന്നത്. സീലടിച്ച് അവർ അത് അയക്കയും ചെയ്യുന്നു. ഇവിടെ പത്രം നഷ്ടപ്പെടുന്നില്ല. അതുകൊണ്ട് പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

എല്ലാവിധ അച്ചടി ജോലികൾക്കും സമീപിക്കുക

പുസ്തകങ്ങൾ, ലഘുലേഖകൾ, ബ്രോഷറുകൾ തുടങ്ങിയവയുടെ ഡി.റ്റി.പി., എഡിറ്റിംഗ്, പ്രിന്റിംഗ് തുടങ്ങിയ എല്ലാ ജോലികളും ചെയ്യുന്നതാണ്.
ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന.

പെരുമ്പാവൂർ പ്രിന്റേഴ്സ്
ബസ്റ്റ് കോംപ്ലക്സ്
കെ.എസ്.ആർ.ടി.സിക്ക് സമീപം
പെരുമ്പാവൂർ. ഫോൺ : 0484-3232356, 9447414608

# നിയമത്തിന്റെ നൂലാമാലകൾ

പ്രതികൾ പോലീസിനോട് നടത്തുന്ന കുറ്റസമ്മതം കോടതിയിൽ തെളിവായി സ്വീകരിക്കയില്ല. എന്നാൽ കുറ്റസമ്മതത്തിൽ വെളിപ്പെടുത്തിയ വസ്തുതകൾ ഉപയോഗിച്ച് കുറ്റകൃത്യവുമായി ബന്ധപ്പെട്ട തൊണ്ടിയോ മറ്റോ കണ്ടെടുക്കാൻ കഴിഞ്ഞാൽ അത് പ്രതിക്ക് എതിരായ തെളിവാകും. ഉദാഹരണത്തിന്, ഒരു മോഷണം നടത്തിയത് താനാണെന്ന് ഒരു പ്രതി പോലീസിനോട് സമ്മതിക്കുന്നു. മോഷണമുതൽ എവിടെയാണ് ഒളിച്ചു വെച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുകയും ചെയ്തു. അതനുസരിച്ച് പോലീസ് പ്രതിയോടൊപ്പം സ്ഥലത്തെത്തി തൊണ്ടി കണ്ടെടുക്കുന്നു. ഇത് ഇന്ത്യൻ എവിഡൻസ് ആക്ടിന്റെ 27-ാം വകുപ്പ് അനുസരിച്ച് പ്രതിക്ക് എതിരായ തെളിവാകും. റിക്കവറി എന്നാണ് ഇത്തരം തെളിവുകളെ വിളിക്കുക.

പോലീസ് പലപ്പോഴും ഈ നിയമം ദുരുപയോഗം ചെയ്യാറുണ്ട്. നിരപരാധികളെ കുറ്റവാളികളാക്കാൻ പോലീസിന് റിക്കവറി ഉപയോഗിക്കാം. ഒരാൾ തേങ്ങാ കട്ടു എന്ന് പരാതി ലഭിക്കുന്നു. പ്രതിയുടെ വീട്ടിൽ തേങ്ങ ഉണ്ടാകും. അത് പോലീസ് കണ്ടെടുക്കും. ഈ തേങ്ങയാണ് പ്രതി മോഷ്ടിച്ചതെന്ന് വാദി പറയുകകൂടി ചെയ്താൽ പ്രതിയുടെ കാര്യം കഷ്ടത്തിലാകും. ഇങ്ങനെ നൂറു കണക്കിന് നിരപരാധികൾ കുറ്റവാളികളായി വിധിക്കപ്പെട്ടിട്ടുണ്ട്.

ഞങ്ങൾക്കെതിരെ പല വിധത്തിലുള്ള വ്യാജ രേഖകൾ ഉണ്ടാക്കിയെങ്കിലും ഒരു റിക്കവറി കൂടി ഉണ്ടെങ്കിൽ കേസ്സ് കൂടുതൽ ബലമുള്ളതാകും എന്ന് ഡി.വൈ.എസ്.പിക്ക് തോന്നി. അത്തരം ഒരു തെളിവുണ്ടാക്കാനാണ് എന്നെ 2002 മെയ് 20ന് പോലീസ് കസ്റ്റഡിയിൽ വാങ്ങിയത്. മെയ് 21 തെളിവുണ്ടാക്കാനായിരുന്നു പദ്ധതി. എന്റെ ഈമെയിലിന്റെ പാസ്സ് വേഡ് ഡി.വൈ.എസ്.പി. എന്നോട് ചോദിച്ചു. എന്റെ പാസ്സ്‌വേഡ് കിട്ടിയാൽ എന്റെ ഈമെയിലിൽ കൃത്രിമം കാണിച്ച് തെളിവുണ്ടാക്കാം. പോലീസിന്റെ ഉദ്ദേശ്യം എനിക്കു മനസ്സിലായി. അതുകൊണ്ട് പാസ്സ് വേഡ് തികച്ചും രഹസ്യവും സ്വകാര്യവുമായ കാര്യമാണെന്നും അത് പറയാൻ പറ്റില്ലെന്നും ഞാൻ മറുപടി പറഞ്ഞു.

മെയ് 21ന് തികച്ചും അപ്രതീക്ഷിതമായ ഒരു സംഭവമുണ്ടായി. മലയാലപ്പുഴ എസ്റ്റേറ്റിലെ സമരം അക്രമാസക്തമായി. അതുകൊണ്ട് ഡി.വൈ.എസ്.പിയുടെ നേതൃത്വത്തിൽ ഒരു സംഘം പോലീസ് രാവിലെ തന്നെ അവിടേക്കു പോയി. പ്രശ്നമെല്ലാം തീർത്ത് മടങ്ങി എത്തിയപ്പോൾ സന്ധ്യയായി. അതുകൊണ്ട് എന്നെ പോലീസ് സ്റ്റേഷന് പുറത്തേക്ക് കൊണ്ടുപോകാൻ പോലും കഴിഞ്ഞില്ല. പിറ്റേന്ന് കോടതിയിൽ തിരികെ ഹാജരാക്കുകയും ചെയ്തു. അങ്ങനെ, വ്യാജ തെളിവുണ്ടാക്കാനുള്ള ശ്രമം വിഫലമായി.

പക്ഷേ കുറ്റപത്രം കിട്ടിയപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. മെയ് 21ന് എന്നെ കൂട്ടിക്കൊണ്ടുപോയി പത്തനംതിട്ടയിലുള്ള പോപ്പുലർ കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും എടുത്തതെന്നു പറഞ്ഞ് 35 ഈമെയിലുകൾ ഹാജരാക്കിയിരിക്കുന്നു. ഇതെങ്ങനെ സംഭവിച്ചു എന്നായി എന്റെ അന്വേഷണം. ഞാൻ ഈമെയിൽ പ്രിന്റുകൾ ശ്രദ്ധിച്ചു പരിശോധിച്ചു. ipcpastors@indiatimes.com എന്നൊരു ഈമെയിലിൽ നിന്നാണ് ഇവ എടുത്തിരിക്കുന്നത്. ഇത് ആരുടെ ഈമെയിലാണെന്ന് അറിഞ്ഞുകൂടാ. പക്ഷേ ഇത് എന്റെ ഈമെയിൽ ആണെന്നും ഞാൻ പറഞ്ഞുകൊടുത്ത പാസ്സ് വേഡ് ഉപയോഗിച്ച് മെയ് 21ന് എടുത്തതാണെന്നും കുറ്റപത്രത്തിൽ എഴുതിയിരിക്കുന്നു. കോടതി ഇത് വിശ്വസിച്ചാൽ എന്റെ കാര്യം കഷ്ടത്തിലാകും എന്നു തീർച്ച. എന്തുചെയ്യും?

ഈമെയിലുകൾ ഞാൻ ശ്രദ്ധിച്ചു പരിശോധിച്ചു. ഏതു കുറ്റവാളിയും ഒരു തെളിവെങ്കിലും അവശേഷിപ്പിക്കും. വ്യാജ ഈമെയിൽ ഉണ്ടാക്കിയ ഡി.വൈ.എസ്.പിക്ക് ഒരു തെറ്റെങ്കിലും പറ്റിയിരിക്കും. അത് കണ്ടെത്തിയാൽ ഞാൻ ശ്രമിച്ചു. വളരെ പാടുപെട്ട് ഞാൻ അവ കണ്ടെത്തുകയും ചെയ്തു. ഈമെയിലിന്റെ ആദ്യ പേജിൽ ഈ പ്രിന്റുകൾ എടുത്ത തീയതി രണ്ടിടത്ത് കൊടുത്തിട്ടുണ്ട്. 2002 മെയ് മാസത്തെ കലണ്ടറോടൊപ്പമാണ് അവയിൽ ഒന്ന് കൊടുത്തിരിക്കുന്നത്. Today is 21 May 2002 എന്നാണ് അവിടെയുള്ളത്. മെയ് 21ന് ആണ് ഈ പ്രിന്റ് എടുത്തത് എന്ന് വ്യക്തമല്ലേ? വിധി പറയാൻ വരട്ടെ.

ഈ കടലാസ്സിന്റെ ഇടതുവശത്ത് ഡയറിക്കുറിപ്പ് എഴുതാനുള്ള ഒരു ലിങ്കുണ്ട്. ഭാവിയിലുള്ള ഏതു തീയതിയിലും നടക്കാനുള്ള പ്രോഗ്രാമുകൾ മുൻകൂട്ടി കുറിച്ചു വെയ്ക്കാം. ഈമെയിൽ തുറക്കുമ്പോൾ അതാത് ദിവസത്തെ പ്രോഗ്രാം കാണാൻ കഴിയും. പ്രധാനപ്പെട്ട പ്രോഗ്രാമുകൾ മറന്നുപോകാതിരിക്കാനാണ് ഇങ്ങനെ ചെയ്യുന്നത്. ഈ ഭാഗത്ത് There are no events for today എന്നും Today: 28 May 2002 എന്നും കാണുന്നു. സംഗതി പിടി കിട്ടിയോ?

2002 മെയ് 28ന് ആയിരുന്നു ഈ പ്രിന്റുകൾ എടുത്തത്. മെയ് 24ന് ഞാൻ ജാമ്യത്തിൽ ഇറങ്ങി. മെയ് 28ന് ഞാൻ പെരുമ്പാവൂരിലായിരുന്നു. അതുകൊണ്ട് എന്നേയും കൂട്ടിക്കൊണ്ടു പോയി ഈ പ്രിന്റുകൾ എടുക്കാൻ പറ്റില്ലല്ലോ. അതുകൊണ്ട് ഡി.വൈ.എസ്.പി. ഒരു തന്ത്രം പ്രയോഗിച്ചു. ആരുടേയോ ഈമെയിൽ അയാൾ പറഞ്ഞുകൊടുത്ത പാസ്സ് വേഡ് ഉപയോഗിച്ച് മെയ് 28ന് തുറന്നു. പോപ്പുലർ കമ്പ്യൂട്ടഴ്സിലെ ശ്രീജിത് എന്ന പയ്യനാണ് ഇതിന് സഹായം ചെയ്തത്. ശ്രീജിത്തിന് വെബ് ഡിസൈനിംഗ് അറിയാം. ശ്രീജിത്തിന്റെ സഹായത്തോടെ പോലീസ് തീയതി തിരുത്തി. (എങ്ങനെയാണ് തീയതിയും മറ്റും തിരുത്തുന്നതെന്ന് കഴിഞ്ഞ ലക്കത്തിൽ വിശദീകരിച്ചിരുന്നല്ലോ).

അനേക വർഷത്തെ സർവ്വീസുള്ള ഡി.വൈ.എസ്.പിക്ക് വ്യാജ രേഖകളും വ്യാജ റിക്കവറിയും മറ്റും ഉണ്ടാക്കാൻ അറിയാം. പക്ഷേ കമ്പ്യൂട്ടറിൽ വേണ്ടത്ര അറിവില്ല. ശ്രീജിത്തിന് കമ്പ്യൂട്ടറിൽ സാമാന്യം അറിവുണ്ട്. പക്ഷേ വ്യാജരേഖ ചമച്ച് പരിചയമില്ല. അതുകൊണ്ട് ചില അബദ്ധങ്ങളൊക്കെ പറ്റി. ഒന്നാമത്തെ പേജിൽ രണ്ടിടത്ത് തീയതി ഉണ്ട് എന്ന വസ്തുത അവർ ശ്രദ്ധിച്ചില്ല. കലണ്ടറിനോടൊപ്പം കണ്ട തീയതി തിരുത്തി. പക്ഷേ മറ്റൊരിടത്ത് യഥാർത്ഥ തീയതി മാറ്റമില്ലാതെ കിടന്നു. (ഫെബ്രുവരി 30 എന്നൊരു തീയതി ഉണ്ടായതും ഈ വിധത്തിലാണ്). അങ്ങനെ ഒരേ കടലാസ്സിൽ രണ്ടു todayകൾ ഉണ്ടായി. 2001 മെയ് 21, 2002 മെയ് 28 എന്നിവ. ഒരിക്കലും കമ്പ്യൂട്ടർ ഇങ്ങനെ ചെയ്യുകയില്ല. കൃത്രിമം കാണിച്ചപ്പോൾ പറ്റിയ അബദ്ധമാണ്.

അബദ്ധങ്ങളുടെ പട്ടിക ഇവിടം കൊണ്ടും തീരുന്നില്ല. ഇൻബോക്സിലുള്ള ഈമെയിലുകളുടെ എണ്ണം ഒന്നാമത്തെ പേജിൽ 39 എന്നും രണ്ടാമത്തെ പേജിൽ 85 എന്നും കാണുന്നു. ഒന്നും രണ്ടും പേജുകൾ പ്രിന്റ് ചെയ്യുന്നതിന് എത്ര മോശം പ്രിന്റർ ഉപയോഗിച്ചാലും അഞ്ചു മിനിട്ടിൽ കൂടുതൽ ആവശ്യമില്ല. അത്രയും ചുരുങ്ങിയ സമയത്തിനുള്ളിൽ 46 പുതിയ ഈമെയിലുകൾ എത്തിയോ? എത്തിയെങ്കിൽ ആരാണ് അവ അയച്ചത്?

ആകെ 35 പേജുകളാണ് പി.9 തെളിവായി ഹാജരാക്കിയത്. പക്ഷേ ഇൻബോക്സിൽ 39 അല്ലെങ്കിൽ 85 ഈമെയിലുകളുണ്ട്. എന്തുകൊണ്ട് ബാക്കിയുള്ളവ പ്രിന്റ് ചെയ്തില്ല? ഇൻബോക്സിലുള്ളവ ഈ ഐ.ഡിയിലേക്ക് വന്ന ഈമെയിലുകളാണ്. മറ്റാരോ ആണ് അയച്ചത്. ആരോ ഈമെയിൽ അയച്ചതിന് ഈമെയിൽ ലഭിച്ച വ്യക്തി കുറ്റക്കാരനാകുന്നതെങ്ങനെ?

Trash എന്ന ഫോൾഡറിൽ 49, Sent എന്ന ഫോൾഡറിൽ 25 എന്നിങ്ങനെയാണ് മറ്റു ഫോൾഡറുകളിലുള്ള കത്തുകളുടെ എണ്ണം. ഇവയിൽ ഏതിന്റെയെങ്കിലും പ്രിന്റ് ആണ് എടുത്തതെങ്കിൽ 35 ആകുന്നതെങ്ങനെ? ഇന്റർനെറ്റിനേക്കുറിച്ചും ഈമെയിലിനേക്കുറിച്ചും ഒക്കെ അറിവുണ്ടായിരുന്നെങ്കിൽ വ്യാജ ഈമെയിൽ കെട്ടിച്ചമച്ചപ്പോൾ ഡി.വൈ.എസ്.പി. ഇത്തരം അബദ്ധങ്ങൾ ഒഴിവാക്കുമായിരുന്നു. ഈ പ്രിന്റുകൾ കൃത്രിമമായി ഉണ്ടാക്കിയതാണെന്നും വ്യാജരേഖയാണെന്നും പകൽ പോലെ വ്യക്തമായിട്ടും കോടതി ഇവ എന്തുകൊണ്ട് സ്വീകരിച്ചു?

സുല്ല്. എനിക്കറിഞ്ഞുകൂടാ.

# ഉത്തരമില്ലാത്ത ചോദ്യങ്ങൾ

ആയിരം കുറ്റവാളികൾ രക്ഷപെട്ടാലും ഒരു നിരപരാധിപോലും ശിക്ഷിക്കപ്പെടരുത് എന്ന മഹത്തായ തത്ത്വത്തിൽ അധിഷ്ഠിതമാണ് ഇന്ത്യൻ നീതിന്യായ വ്യവസ്ഥ. പോലീസ് അന്വേഷിച്ച് ഫയൽ ചെയ്യുന്ന കേസ്സുകൾ പോലും സംശയാതീതമായി തെളിയിക്കപ്പെട്ടില്ലെങ്കിൽ പ്രതികളെ കോടതി വെറുതെ വിടുന്നത് ഈ കാരണത്താലത്രേ. സൈബർ കേസ്സും ഈ വിധത്തിൽ പരിഗണിക്കപ്പെടേണ്ടതായിരുന്നു. പക്ഷേ ഒട്ടേറെ സംശയങ്ങൾ അവശേഷിക്കുമ്പോഴും പ്രതികൾ കഠിനമായി ശിക്ഷിക്കപ്പെട്ടു.

ഉത്തരമില്ലാത്ത ചോദ്യങ്ങൾ സൈബർ കേസ്സിൽ നിരവധിയാണ്. അവയിൽ ചിലത് ഇതാ:

1. മാത്യു വർഗീസും അയാളുടെ കീഴിൽ ജോലി ചെയ്യുന്ന ചിലരും ചേർന്ന് കുറ്റം ചെയ്തു എന്നാണ് എഫ്.ഐ.ആറിൽ ഉള്ളത്. എന്നിട്ടും മാത്യു വർഗീസിന്റെ മൊഴി ഒരിടത്തും കാണാനില്ല. എന്തുകൊണ്ട്? അയാളോടൊപ്പം ജോലി ചെയ്യുന്നവർ ആരെന്ന് അന്വേഷിച്ചുപോലുമില്ല എന്ന് അന്വേഷണ ഉദ്യോഗസ്ഥൻ സമ്മതിക്കുന്നു. എന്തുകൊണ്ട് അന്വേഷിച്ചില്ല?
2. കെ.ഇ.ഏബ്രഹാം ഫൗണ്ടേഷനിൽ ജോലി ചെയ്യുന്ന ശ്രീജു പി. ശ്രീധർ പ്രിന്റ് ചെയ്ത് കൊടുത്ത ഈമെയിലുകളുടെ ഒറിജിനൽ കമ്പ്യൂട്ടറിൽ കാണാൻ ഡി.വൈ.എസ്.പി. ശ്രമിക്കാതിരുന്നതെന്തുകൊണ്ട്?
3. പോലീസിൽ നിരവധി കമ്പ്യൂട്ടർ വിദഗ്ദ്ധർ ഉണ്ടെങ്കിലും കേസ്സ് അന്വേഷണത്തിന് ശ്രീജുവിന്റെ സഹായം അത്യന്താപേക്ഷിതമാണെന്ന് ഡി.വൈ.എസ്.പി. തീരുമാനിച്ചതിന്റെ രഹസ്യമെന്ത്? ശ്രീജുവിനെ ഉപയോഗിക്കാൻ അനുവാദം കിട്ടുന്നതിനു മുൻപ്, (ഏപ്രിൽ 22ന്) ശ്രീജുവുമായി വന്ന് എന്റെ കമ്പ്യൂട്ടർ എന്തിനു പരിശോധിച്ചു? മെയ് 15ന് അനുവാദം കിട്ടിയപ്പോൾ തീയതി മാർച്ച് 15 എന്ന് പോലീസ് തിരുത്തിയതെന്തിന്? ശ്രീജു കൊണ്ടുവന്ന സി.ഡിയും ഫ്ളോപ്പിയും എന്റെ കമ്പ്യൂട്ടറിൽ ഇടാൻ ഡി.വൈ.എസ്.പി. അവസരം ഒരുക്കിയതെന്തിന്?
4. എന്റെ കമ്പ്യൂട്ടർ സീല് ചെയ്യാതെ എടുത്തുകൊണ്ടുപോയതെന്തിന്? പിന്നീട് എപ്പോഴോ സീല് ചെയ്യുകയും ആ സീല് വീണ്ടും പൊട്ടിക്കയും കമ്പ്യൂട്ടർ പരിശോധിച്ചശേഷം സീല് വയ്ക്കുകയും ചെയ്തതിന് എന്തു ന്യായീകരണമാണുള്ളത്?
5. ഈമെയിൽ പ്രിന്റുകളുടെ ഒറിജിനലോ ഫോട്ടോകോപ്പിയോ സിഫിക്ക് അയച്ചു കൊടുക്കാതിരുന്നതെന്തുകൊണ്ട്? ഐ.പി. അഡ്രസ്സ് മാത്രം അയച്ചതെന്തുകൊണ്ട്? അതിൽ ഫെബ്രുവരി 30 എന്നൊരു തീയതി വന്നതെങ്ങനെ?
6. 2001 നവംബർ മുതൽ വ്യാജ ഈമെയിലുകൾ പ്രചരിച്ചിട്ടും 2002 ജനുവരി 18 മുതൽ ഫെബ്രുവരി 25 വരെ മാത്രമുള്ള ഈമെയിലുകൾ ആധാരമാക്കി അന്വേഷണം നടത്തിയതെന്തുകൊണ്ട്? ജനുവരി 18ന് മുൻപ് ഈമെയിൽ അയച്ചതാര്? ഫെബ്രുവരി 25 കഴിഞ്ഞ് ആരും വ്യാജ ഈമെയിൽ അയച്ചില്ലേ? പി.7 ഈമെയിൽ പ്രതികൾ അയച്ചതല്ല എന്ന് പോലീസ് പറയുന്നു. അത് ആരാണ് അയച്ചത് എന്ന് അന്വേഷിക്കാതിരുന്നതെന്തുകൊണ്ട്?
7. ജാമ്യത്തിൽ ആയിരിക്കുമ്പോൾ അനീഷിനെ കോടതിയുടെ അറിവും സമ്മതവും കൂടാതെ വീണ്ടും കസ്റ്റഡിയിൽ എടുത്തതെന്തിന്? വീട്ടിൽ നിന്നും 40 കിലോമീറ്റർ അകലെ ഇറക്കിവിട്ടതെന്തുകൊണ്ട്?
8. കോടതി ഉത്തരവ് ലംഘിച്ച് ടി.എസ്. ബാലനെ 2002 മെയ് 17ന് അറസ്റ്റ് ചെയ്തതിന് എന്തു ന്യായീകരണമാണുള്ളത്? മെയ് 17 അറസ്റ്റ് ചെയ്തിട്ട് 18ന് അറസ്റ്റ് ചെയ്തു എന്ന് രേഖയുണ്ടാക്കിയതെന്തിന്?
9. 2002 മെയ് 28ന് പത്തനംതിട്ട പോപ്പുലർ കമ്പ്യൂട്ടേഴ്സിൽ നിന്നും 35 ഈമെയിൽ പ്രിന്റുകൾ എടുത്തു. അവയുടെ ആദ്യ പേജിൽ രണ്ടിടത്ത് ഉണ്ടായിരുന്ന തീയതികളിൽ ഒന്ന് തിരുത്തി 2002 മെയ് 21 എന്നാക്കി വ്യാജരേഖയുണ്ടാക്കിയത് ഏഴു വർഷം തടവ് കിട്ടാവുന്ന കുറ്റമല്ലേ? ഡി.വൈ.എസ്.പി. എന്തിന് ഇതു ചെയ്തു? ഈ വ്യാജരേഖ ഉണ്ടാക്കാൻ കൂട്ടുനിന്ന ശ്രീജിത്തിനെ സാക്ഷിയായി കോടതിയിൽ ഹാജരാക്കാതിരുന്നതെന്തുകൊണ്ട്?
10. കുറ്റപത്രത്തോടൊപ്പം കോടതിയിൽ കൊടുത്ത ഈമെയിൽ പ്രിന്റുകളിൽ നിന്നും വ്യത്യസ്ഥമായ പ്രിന്റുകൾ പ്രതികൾക്കു നൽകിയ കോപ്പിയിൽ വെച്ചതെന്തിന്?
11. സ്റ്റാർലാ ലൂക്ക് പ്രിന്റ് ചെയ്ത ഏഴാം ഈമെയിലിൽ ഒറിജിനൽ ഐ.പി. ഉണ്ട്. പക്ഷേ അത് പ്രതികളുടേതല്ല എന്ന് പ്രോസിക്യൂഷൻ സമ്മതിക്കുന്നു. ബാക്കിയുള്ള ഈമെയിലുകളിൽ ഒറിജിനൽ ഐ.പി. ഇല്ല. അതെങ്ങനെ സംഭവിച്ചു? നാലും അഞ്ചും മദ്ധ്യവർത്തി ഐ.പികൾ ഉള്ളതിൽ ഓരോന്ന് എടുത്ത് പ്രതികളുടേതാണെന്ന് പറയാൻ ന്യായമെന്ത്?
12. പോപ്പുലർ കമ്പ്യൂട്ടേഴ്സിൽ നിന്നും എടുത്ത 35 പ്രിന്റുകളിൽ ഐ.പി. ഇല്ലാതെ പോയതെങ്ങനെ? ഐ.പി. ഇല്ലാതെ ഈമെയിൽ അയയ്ക്കുന്നതെങ്ങനെ?
13. പ്രതികൾ അയച്ചത് എന്ന് പോലീസ് പറയുന്ന ആറ് ഈമെയിലുകളിൽ ചിലത് mercy@xxx.com എന്ന വിലാസക്കാരനുള്ളതാണ്. അത് വൽസന് എങ്ങനെ കിട്ടി? ചില ഈമെയിലുകളിൽ To അഡ്രസ്സ് ഇല്ല. ഇവയും വൽസന് കിട്ടി. എങ്ങനെ?
14. സിഫിയിൽ നിരവധി കമ്പ്യൂട്ടർ വിഗദ്ധരുണ്ട്. പക്ഷേ കമ്പ്യൂട്ടർ പഠിച്ചിട്ടില്ലാത്ത ഒരു മാനേജരേയും ഒരു ചാർട്ടേഡ് അക്കൗണ്ടന്റിനേയും മാത്രം സിഫിയിൽ നിന്നുള്ള കമ്പ്യൂട്ടർ വിദഗ്ദ്ധരായി പ്രോസിക്യൂഷൻ അവതരിപ്പിച്ചതെന്തിന്?
15. ഈമെയിൽ പ്രിന്റുകൾ എടുക്കുമ്പോൾ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ ഐ.റ്റി. ആക്ടിലും എവിഡൻസ് ആക്ടിലും വ്യക്തമായി പറഞ്ഞിട്ടുണ്ടെങ്കിലും അവയെല്ലാം അവഗണിച്ചുകൊണ്ട് നിയമവിരുദ്ധമായി ഈമെയിലുകൾ പ്രിന്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയതെന്തിന്?

ഇങ്ങനെ ഉത്തരമില്ലാത്ത ചോദ്യങ്ങൾ ഒട്ടേറെയുണ്ട്. എങ്കിലും സ്ഥല പരിമിതി മൂലം ഇവിടെ ചുരുക്കുകയാണ്.

പ്രോസിക്യൂഷന്റെ കേസ്സ് സംശയാതീതമായി തെളിഞ്ഞാൽ മാത്രമേ പ്രതികളെ ശിക്ഷിക്കാൻ പാടുള്ളൂ എന്നാണ് നിയമം. പക്ഷേ സൈബർ കേസ്സിൽ സംശയാതീതമായി തെളിയുന്നത് ഒരു കാര്യം മാത്രമാണ്: അത് ഈ കേസ്സിൽ സംശയങ്ങൾ മാത്രമേ ഉള്ളൂ എന്നതാണ്. ഉത്തരമില്ലാത്ത ചോദ്യങ്ങളുടെ ഒരു കൂമ്പാരമാണ് സൈബർ കേസ്സ്. പക്ഷേ പ്രതികൾ ശിക്ഷിക്കപ്പെട്ടു. എന്തുകൊണ്ട്? അതിനുള്ള മറുപടി മേൽക്കോടതിയിൽ മാത്രമേ പറയാനാവൂ.

# വിദേശ പണം കിട്ടുന്നതാർക്ക്?

ഇന്ത്യയിൽ ഏറ്റവും അധികം വിദേശ പണം ലഭിക്കുന്ന സുവിശേഷ സംഘടന കെ.പി. യോഹന്നാന്റെ പ്രസ്ഥാനമാണ്. പക്ഷേ അതിനെ പെന്തക്കോസ്ത് സംഘടനയായി പരിഗണിക്കാൻ കഴിയുമോ എന്ന് സംശയമാണ്. അതുകൊണ്ട് കെ.പി.യോഹന്നാനെ മാറ്റി നിർത്തി മറ്റുള്ളവരേക്കുറിച്ച് പറയാം.

വിദേശ സഹായം സുതാര്യമാണെന്ന് ടി.എസ്.ഏബ്രഹാം പറഞ്ഞതായി വായന മാസികയിൽ വായിച്ചു. ഇദ്ദേഹത്തിന് കുടുംബ സ്വത്തായി ലഭിച്ചത് ഒരു ബൈബിൾ മാത്രമാണ്. ജോലി ചെയ്തോ ബിസിനസ്സ് നടത്തിയോ ഇദ്ദേഹം പണമുണ്ടാക്കിയതായി അറിവില്ല. ഉപദേശിപ്പണി അല്ലാതെ ഒരു പണിയും ചെയ്തിട്ടില്ല. പക്ഷേ ഏതാനും വർഷം മുൻപ് ഏറ്റവും വലിയ നിക്ഷേപകനുള്ള അവാർഡ് കുമ്പനാട്ടുള്ള ഒരു ബാങ്ക് ഇദ്ദേഹത്തിനു കൊടുത്തു. ഒരു പഴയ ബൈബിളിൽ നിന്ന് ഈ അവാർഡിലേക്കുള്ള വളർച്ച സുതാര്യമായി ഒരു വിവരിക്കാൻ ടി.എസ്.ഏബ്രഹാമിന് കഴിയുമോ?

ഐ.പി.സിയുടെ ആദ്യകാല നേതാക്കന്മാരിൽ ഒരാളായിരുന്ന കെ.ഇ.ഏബ്രഹാമിന്റെ മകനെന്ന നിലയിൽ സഭാ കേന്ദ്രത്തിൽ താമസമുറപ്പിച്ച ടി.എസ്. ഏബ്രഹാം പിതാവിന്റെ മരണ ശേഷം ഐ.പി.സിയുടെ സ്വത്തുക്കൾ തട്ടിയെടുക്കാൻ തുടങ്ങി. ഐ.പി.സിയുടെ വകയായിരുന്ന



ടി.എസ്.ഏബ്രഹാം



ടി.ജി.കോശി



ടി.പി.ഏബ്രഹാം

ബൈബിൾ കോളേജ് തട്ടിയെടുക്കുകയും ബൈബിൾ കോളേജിന് സംഭാവനയായി ലഭിച്ച ലക്ഷക്കണക്കിനു രൂപ സ്വന്തമാക്കുകയും ചെയ്തു. ഇതിനെതിരെ പല കേസ്സുകൾ ഉണ്ടായെങ്കിലും ശിക്ഷ ലഭിക്കുമെന്ന് ഉറപ്പായപ്പോൾ ഒത്തുതീർപ്പുണ്ടാക്കി രക്ഷപ്പെട്ടു. ഐ.പി.സിക്കു വരുന്ന പണം തട്ടിയെടുക്കാനായി കെ.ഇ.ഏബ്രഹാം ഫൗണ്ടേഷൻ എന്നൊരു സ്വകാര്യ സംഘടന ഉണ്ടാക്കി. ഐ.പി.സിയുടെ പ്രസിഡന്റായിരുന്നുകൊണ്ട് ഈ സംഘടനയെ വളർത്തി. ഐ.പി.സിക്ക് ലഭിക്കേണ്ടിയിരുന്ന പണമാണ് ഈ സംഘടനയ്ക്ക് ലഭിക്കുന്നത്. സുനാമി ദുരിതാശ്വാസത്തിന് ഒരു വിദേശി നൽകിയ ഒരുലക്ഷം ഡോളർ പോലും ഈ സംഘടന തട്ടിയെടുത്തു. ഇന്ത്യയിലെ പാവപ്പെട്ട കുട്ടികളുടെ ചിത്രം ഇന്റർനെറ്റിലും ബ്രോഷറിലും അടിച്ചുവിട്ട് കോടികൾ തട്ടിയെടുത്തുകൊണ്ടിരിക്കുന്നു. കഴിഞ്ഞ വർഷം ഓതറയിൽ അഞ്ചു കോടി രൂപ മുടക്കി റബ്ബർ എസ്റ്റേറ്റ് വാങ്ങി. ഐ.പി.സിക്ക് കാര്യമായി ഒന്നും ലഭിക്കുന്നില്ല. അതുകൊണ്ട് ഐ.പി.സിയുടെ കണക്ക് സുതാര്യമാണ്. പക്ഷേ കെ.ഇ.ഏബ്രഹാം ഫൗണ്ടേഷന്റെ സ്ഥിതി അതല്ല. അനേക കോടി രൂപ വിദേശത്തുനിന്നും ഈ സ്വകാര്യ സംഘടനയ്ക്ക് ലഭിക്കുന്നുണ്ട്. അതിർത്തി സംസ്ഥാനമായ പഞ്ചാബിലാണ് ഈ സംഘടനയുടെ പ്രധാന പ്രവർത്തനങ്ങൾ നടക്കുന്നത്. രാജ്യത്തിന്റെ സുരക്ഷയെപ്പോലും ബാധിക്കുന്ന രഹസ്യങ്ങൾ ഈ സംഘടനയുമായി ബന്ധപ്പെട്ട് ഉണ്ടെന്ന് ഡിഫെൻഡർ സംശയിക്കുന്നു. വേണ്ടപ്പെട്ടവർ അന്വേഷിക്കണം.

ശാരോൻ ഫെലോഷിപ്പിന്റെ പ്രസിഡന്റാണ് ടി.ജി.കോശി. ടി.പി.ഏബ്രഹാം സെക്രട്ടറിയും. ശാരോൻ ഫെലോഷിപ്പിന് വിദേശത്തുനിന്നും കാര്യമായ വരവില്ല. പക്ഷേ ടി.ജി.കോശിയും ടി.പി.ഏബ്രഹാമും ഡോളറിന്റെ പുറത്താണ് ഉറങ്ങുന്നത്. അതിവിദഗ്ദ്ധമായാണ് ഇവർ തട്ടിപ്പു നടത്തുന്നത്.

ശാരോൻ ഫെലോഷിപ്പിന്റെ പ്രസിഡന്റായിരിക്കുമ്പോൾ തന്നെ ഇവർക്ക് സ്വകാര്യ സംഘടനയുണ്ട്. ശാരോന്റെ ഭാരവാഹികൾ എന്ന നിലയിൽ ഇവർക്ക് ലോകമെങ്ങും നല്ല സ്വീകരണം ലഭിക്കും. ആ വകയിൽ ലഭിക്കുന്ന പണം ശാരോന്റെ അക്കൗണ്ടിൽ എത്തേണ്ടതാണ്. പക്ഷേ ടി.ജി. കോശിയും ടി.പി.ഏബ്രഹാമും അതല്ല ചെയ്യുന്നത്. സ്വദേശത്തുനിന്നും വിദേശത്തുനിന്നും ലഭിക്കുന്ന പണം ഇവർ സ്വന്തം സംഘടനയുടെ അക്കൗണ്ടിലാക്കും. അങ്ങനെ ശാരോൻ നാൾക്കുനാൾ ദരിദ്രമാകുന്നു. ഇവരുടെ സ്വകാര്യ സംഘടനകൾ അനുദിനം വളരുന്നു.

പെന്തക്കോസ്തുകാർക്ക് ലഭിക്കുന്ന വിദേശ പണത്തിന്റെ കണക്കു പറയുമ്പോൾ ഇത്തരക്കാർക്കു ലഭിക്കുന്ന പണവും ഉൾപ്പെടും. പക്ഷേ ഇത്തരം പണം ചാരിറ്റിക്കോ മതപ്രചരണത്തിനോ വിനിയോഗിക്കുന്നില്ല എന്നതാണ് വസ്തുത. പക്ഷേ ഇവർ സർക്കാരിന് കൊടുക്കുന്ന കണക്ക് പരിശോധിച്ചാൽ പാവങ്ങളെ സഹായിച്ചതിന്റെ നീണ്ട കണക്കു കാണും. ശുദ്ധ തട്ടിപ്പാണിത്. ചാരിറ്റി വർക്കെല്ലാം വെറും പേപ്പർ വർക്ക് മാത്രമാണ്.

വിദേശപ്പണം ഉപയോഗിച്ച് കൊഴുത്തു തടിക്കുന്നത് പെന്തക്കോസ്ത് സഭകളോ സാധാരണക്കാരായ ഉപദേശിമാരോ വിശ്വാസികളോ അല്ല. സഭയുടെ തലപ്പത്തിരുന്ന് സഭയെ കട്ടുമുടിക്കുന്ന പെന്തക്കോസ്ത് നേതാക്കന്മാർക്കു മാത്രമാണ് വിദേശ പണം കൊണ്ട് ഗുണമുണ്ടാകുന്നത്. ഇത്തരക്കാരുടെ തട്ടിപ്പിനെതിരെ നിയമ നടപടി ഉണ്ടാകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** കെ.സി.ജോൺ പവ്വർ വിഷൻ എന്ന പേരിൽ ഒരു ചാനൽ തുടങ്ങി എന്ന് കേൾക്കാൻ തുടങ്ങിയിട്ട് ആറു മാസത്തിൽ അധികമായി. പക്ഷേ ഞങ്ങളുടെ ഏരിയയിലെങ്ങും ഇത് കിട്ടുന്നില്ല. എന്താണ് കാരണം?

■ കാരണം എന്തെന്ന് അറിഞ്ഞുകൂടാ. പക്ഷേ പവ്വർ വിഷനു മാത്രമുള്ള ഒരു പ്രത്യേകതയാണിത് എന്ന് അറിവായിട്ടുണ്ട്. മലയാളത്തിൽ ഇന്ന് ഒരു ഡസനോളം ചാനലുകൾ ഉണ്ടെങ്കിലും പവ്വർ വിഷന് തുല്യം പവ്വർ വിഷൻ മാത്രം.

എന്തൊക്കെയാണ് പവ്വർ വിഷന്റെ പ്രത്യേകതകൾ? പറയാം.

ഏറ്റവും ബോറായ ചാനലിന് ഒരു അവാർഡുണ്ടെങ്കിൽ അത് പവ്വർ വിഷന് അർഹതപ്പെട്ടതാണ് എന്നതാണ് ഏറ്റവും ശ്രദ്ധേയമായ പ്രത്യേകത. പ്രേക്ഷകനെ ബോറടിപ്പിക്കുന്ന കാര്യത്തിൽ ഒന്നാം സ്ഥാനം ജീവൻ ടി.വിക്ക് ആയിരുന്നു. എന്നാൽ സോമതീരം ഗ്രൂപ്പ് ജീവൻ ടി.വി. ഏറ്റെടുത്തതിനുശേഷം സ്ഥിതി മാറി. ഇപ്പോൾ മറ്റു ചാനലുകളേപ്പോലെ ഇതും ജനം കാണുന്നു.

പിന്നാലെ എത്തിയ ശാലോം ടി.വിയും പ്രാരംഭ മാസങ്ങളിൽ പരമ ബോറായിരുന്നു. പരമ ഭക്തർക്കുപോലും ഏറെ നേരം സഹിച്ചിരിക്കാൻ പറ്റുമായിരുന്നില്ല. എന്നാൽ ഈയിടെയായി സ്ഥിതിക്ക് മാറ്റം വന്നിരിക്കുന്നു. സാധാരണക്കാർക്ക് ബോറടിക്കുമെങ്കിലും ഭക്തർക്കെങ്കിലും സഹിക്കാവുന്ന പ്രോഗ്രാമുകളാണ് ഇപ്പോൾ ശാലോം ടി.വിയിൽ സംപ്രേക്ഷണം ചെയ്യുന്നത്.

സംപ്രേക്ഷണം തുടങ്ങി ആറു മാസം കഴിഞ്ഞിട്ടും പവ്വർ വിഷന്റെ വഞ്ചി ഇപ്പോഴും തിരുനക്കരെത്തന്നെ. ഒന്നാം ദിവസം സംപ്രേക്ഷണം ചെയ്ത പ്രോഗ്രാമുകൾ ഇന്നും ആവർത്തിക്കുന്നു. ആരൊക്കെയോ നിർമ്മിച്ച് മാർക്കറ്റിൽ ഇറക്കിയിരിക്കുന്ന ചില ഗാനദൃശ്യങ്ങളാണ് സ്ഥിരം പരിപാടി. ഇത്തരം ഏകദേശം 25 പാട്ടുകളുണ്ട്. അവ തിരിച്ചും മറിച്ചും കാണിക്കും. ഒരു ദിവസം 25 തവണയെങ്കിലും ഒരേഗാനം കാണുകയും കേൾക്കുകയും ചെയ്യാം. കെ.സി.ജോൺ ഉൾപ്പെടെയുള്ള ചില പ്രസംഗകരുടെ പരിപാടികളാണ് മറ്റൊരിനം. ഓരോ പ്രസംഗവും ഒരേ ദിവസം പലവട്ടം കാണിക്കും. ഫെബ്രുവരി രണ്ടിന് ചാനൽ സംപ്രേക്ഷണം ചെയ്യാൻ തുടങ്ങിയ ദിവസം മുതൽ ഇതാണ് സ്ഥിതി.

ശാലോം ടി.വി. ഒഴികെയുള്ള എല്ലാ ചാനലുകളുടേയും പ്രധാന വരുമാനമാർഗ്ഗം പരസ്യങ്ങളാണ്. പക്ഷേ പവ്വർ വിഷന് കാര്യമായ പരസ്യങ്ങളൊന്നും കിട്ടിയിട്ടില്ല. കിട്ടുന്ന ലക്ഷണവുമില്ല. ആരും കാണാത്ത ചാനലിൽ പരസ്യം കൊടുത്തതുകൊണ്ട് എന്തു പ്രയോജനം എന്നാണ് വ്യാപാരികളുടേയും വ്യവസായികളുടേയും ചോദ്യം. മുന്തിരിങ്ങ പുളിക്കും എന്ന് പറയുകയേ ഇനി നിവൃത്തിയുള്ളൂ.

ജോലിക്കാരുടെ എണ്ണം ഏറ്റവും കുറവുള്ള ചാനലും പവ്വർ വിഷനാണ്. വിരലിൽ എണ്ണാവുന്നത്ര ജോലിക്കാർ മാത്രമേ അവിടെയുള്ളൂ. ഉള്ളവർക്ക് ചൊവ്വേനേരേ ശമ്പളം കൊടുക്കുന്നുമില്ല. അതുകൊണ്ട് ഈയിടെ ചിലർ പിരിഞ്ഞു പോകുകയും ചെയ്തു. ബാക്കിയുള്ളവർക്ക് പോകാൻ ഒരു സ്ഥലമില്ല എന്നതാണ് സ്ഥിതി.

സുവിശേഷ പ്രചരണത്തിനാണ് ഈ ചാനൽ ഉണ്ടാക്കിയതെന്ന് ചെയർമാനായ കെ.സി. ജോൺ പറയുന്നു. പക്ഷേ സുവിശേഷമെന്നാൽ എന്തെന്നുപോലും അറിയാത്ത ജോലിക്കാർ അവർക്കു തോന്നിയതുപോലെ എന്തൊക്കെയോ കാട്ടിക്കൂട്ടുന്നു എന്നല്ലാതെ സത്യസുവിശേഷം ഈ ചാനലിൽ ഇല്ലേയില്ല.

എല്ലാ മലയാളം ചാനലും ലോകമെമ്പാടും കിട്ടും. കേരളത്തിൽ കിട്ടാത്ത മലയാളം ചാനൽ ഇല്ല. പക്ഷേ അതല്ല പവ്വർ വിഷന്റെ സ്ഥിതി. സംപ്രേക്ഷണം തുടങ്ങിയ ദിവസം തിരുവല്ലയിലും പരിസര പ്രദേശങ്ങളിലും മാത്രമേ പവ്വർ വിഷൻ ലഭിച്ചിരുന്നുള്ളൂ. ഏതാനും ദിവസങ്ങൾക്കകം മറ്റു ചില ജില്ലകളിലും ലഭിക്കാൻ തുടങ്ങി. എറണാകുളം ജില്ലയിൽ എത്താൻ രണ്ടാഴ്ചയിൽ അധികം വേണ്ടിവന്നു. പക്ഷേ കേരളത്തിലെ ചില ജില്ലകളിൽ പവ്വർ വിഷൻ ഒരിക്കലും എത്തിയില്ല. കേരളത്തിനു പുറത്ത് ചില സ്ഥലങ്ങളിൽ മാത്രം ലഭിച്ചിരുന്നു. എന്നാൽ ഇപ്പോൾ സ്ഥിതി കൂടുതൽ ഗുരുതരമാണ്. കേരളത്തിൽ പോലും ഇപ്പോൾ പവ്വർ വിഷൻ ലഭിക്കാതായിട്ടുണ്ട്. കഴിഞ്ഞ ഒന്നര മാസമായി എറണാകുളം ജില്ലയിൽ ഇല്ല. തിരുവല്ലയിലും പരിസരത്തും മാത്രം കുഴപ്പമൊന്നും ഉണ്ടായിട്ടില്ല.

പവ്വർ വിഷന്റെ ഏറ്റവും വലിയ പ്രത്യേകത വരാനിരിക്കുന്നതേയുള്ളൂ. മലയാളത്തിൽ സംപ്രേക്ഷണം ചെയ്യുന്ന ചാനലുകളിൽ ഏറ്റവും ആദ്യം പൂട്ടിക്കെട്ടുന്ന ചാനൽ എന്ന ബഹുമതി പവ്വർ വിഷനുള്ളതായിരിക്കും. ഏറെ താമസിയാതെ ആ ദുരന്തം ഉണ്ടാകുകയും ചെയ്യും.

വല്ലവനും ഉണ്ടാക്കുന്ന സ്റ്റേജിൽ കയറിനിന്ന് വിഡ്ഢിത്തം പ്രസംഗിച്ച് ജനത്തെ ഇളക്കാൻ കെ.സി.ജോണിന് അറിയാം. പക്ഷേ ചാനൽ നടത്താൻ ഈ അറിവ് പോരാ. അതു മനസ്സിലാക്കാതെ ചാനൽ നടത്താൻ ഇറങ്ങി പുറപ്പെട്ടതാണ് കുഴപ്പമായത്. ശരിക്കും പുലിവാല് പിടിച്ചു എന്നു പറഞ്ഞാൽ മതിയല്ലോ.



# തിരുവല്ലയിൽ അവാർഡുകൾ പെരുമഴയായി പെയ്തിറങ്ങി

തിരുവല്ലയിൽ ഈയിടെ അവാർഡുകളുടെ ഒരു പെരുമഴ ഉണ്ടായി. ഒട്ടേറെപ്പേർ ഈ മഴയിൽ നനഞ്ഞു കുതിർന്നു. ഹാലേലൂയ്യാ ദ്വൈവാരിക, സുഭാഷിതം മാസിക എന്നിവയാണ് അവാർഡ് മഴ പെയ്യിച്ചത്.

ഹാലേലൂയ്യാ എന്ന ദ്വൈവാരിക പ്രസിദ്ധീകരണം ആരംഭിച്ചിട്ട് പത്തു വർഷം തികയുകയാണ്. അതിന്റെ പാവന സ്മരണയ്ക്കായി എട്ടു പേർക്ക് അവാർഡ് കൊടുത്തു. സുഭാഷിതം എന്നത് മാസത്തിൽ ഒന്ന് എന്ന ക്രമത്തിന് പ്രസിദ്ധീകരിക്കുന്ന ഒരു പത്രമാണ്. ഒരു വർഷം മുൻപാണ് അത് പ്രസിദ്ധീകരണം ആരംഭിച്ചത്. പത്രം ഒരു വർഷം തികച്ചത് അത്യുഗ്രമായി ആഘോഷിക്കാതെ പറ്റില്ലല്ലോ. 15 മഹത് വ്യക്തികൾക്ക് അവാർഡ് കൊടുത്തുകൊണ്ട് എഡിറ്ററായ മോനായി ഈ മഹാമഹം കൊണ്ടാടി. അങ്ങനെ, ആകെ മൊത്തം ടോട്ടൽ 23 പേർക്ക് അവാർഡ് കിട്ടി. ആനന്ദലബ്ധിക്കിനി എന്തു വേണം.

ഹാലേലൂയ്യായുടെ അവാർഡു കിട്ടിയവരുടെ ലിസ്റ്റ്:
1. വി.വി. അഗസ്റ്റിൻ (ദേശീയ ന്യൂനപക്ഷ കമ്മീഷൻ അംഗം)
2. ഡോ(?) മാത്യു കുരുവിള എന്ന തങ്കു (സ്വർഗ്ഗീയ വിരുന്ന്, കോട്ടയം).
3. എൻ.കെ.ജോർജ്ജ് (എബനേസർ, ബാംഗ്ലൂർ).
4. ഏബ്രഹാം കലമണ്ണിൽ (മൗണ്ട് സീയോൻ, കടമ്മനിട്ട).
5. കെ.എ.ഏബ്രഹാം, തിരുവല്ല.
6. കെ.എസ്.ഏബ്രഹാം.
7. എൻ.പീറ്റർ, പാറശ്ശാല.
8. ഡോ.സജി ഫിലിപ്പ്.

മെയ് 15ന് തിരുവല്ലയിൽ നടന്ന സമ്മേളനത്തിൽ വെച്ച് മേൽപ്പടിയാൻമാർക്ക് അവാർഡുകൾ വിതരണം ചെയ്തു.

ഈ വാർത്ത കേട്ടപ്പോൾ സുഭാഷിതക്കാരൻ മോനായിക്ക് സഹിച്ചില്ല. ''ഞാൻ ഇവിടെയുള്ളപ്പോൾ മറ്റൊരാൾ അവാർഡ് കൊടുക്കയോ?'' ഉടൻ മോനായിയും പ്രഖ്യാപിച്ചു കുറെ അവാർഡുകൾ. ഒന്നും രണ്ടുമല്ല 15 എണ്ണം. ലിസ്റ്റ് ഇതാ:
(അവാർഡ് നൽകാനുള്ള കാരണം ബ്രാക്കറ്റിൽ. ഭാഷ മോനായി വഹ).
1. കെ.ജോയി (ധ്യാനം)
2. എം.വി.ചാക്കോ (തിയോളജി)
3. തോമസ് ഫിലിപ്പ് (ആനുകാലികം).
4. ജോർജ്ജ് സാമുവേൽ (പ്രായോഗികം).
5. റ്റി.പി.ഏബ്രഹാം (ആത്മീയ നേതൃത്വം).
6. സാമുവൽ മാത്യു (ഇംഗ്ലീഷ് വിഭാഗം).
7. പി.ജി.വർഗീസ് (വിദ്യാഭ്യാസം).
8. വർഗ്ഗീസ് മാമ്മൻ (നിയമം)
9. പി.ഐ.ഏബ്രഹാം (ലേഖനം)
10. വി.റ്റി.ഐസക്ക് (ചിന്താവിഷയം).
11. മാത്യു ഫിലിപ്പ് (ഇംഗ്ലീഷ് വിഭാഗം).
12. വർഗീസ് റ്റി. മങ്ങാട് (ന്യൂസ് റിപ്പോർട്ടർ).
13. എം.പി.ആർ. മണി (സാരോപദേശം).
14. ഡോ.എസ്.കൃഷ്ണകുമാർ (ആരോഗ്യം).
15. സൂസൻ ബി.ജോൺ (കവിത)

അവാർഡ് നേടാൻ തക്ക എന്തു വീരകൃത്യമാണ് ഇവരൊക്കെ ചെയ്തത്? സിമ്പിൾ. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ സുഭാഷിതത്തിൽ എഴുതി. ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന വിഷയത്തേക്കുറിച്ചാണ് എഴുതിയത്. അവാർഡ് കൊടുക്കാൻ ഇതിൽപ്പരം എന്തു കാരണം വേണോ?

അവാർഡ് ജേതാക്കൾ അവാർഡ് വാങ്ങാൻ പോയോ? സംശയം വേണ്ട. പോയി. മുടമ്പല്ലുകൾ ഉണ്ടെങ്കിൽ അവ ഉൾപ്പെടെ സകലതും പുറത്തു കാട്ടി ചിരിച്ച് ക്യാമറയിൽ നോക്കി അവാർഡുകൾ വാങ്ങി. (ഇവരുടെയൊക്കെ തൊലിക്കട്ടിക്കാണ് യഥാർത്ഥത്തിൽ അവാർഡ് കൊടുക്കേണ്ടത്).

അവാർഡ് കൊടുക്കുക, അല്ലെങ്കിൽ വാങ്ങുക എന്നത് മോനായിയുടെ രക്തത്തിൽ അലിഞ്ഞു ചേർന്ന കാര്യമാണ്. ഒന്നോ രണ്ടോ മാസം കൂടുമ്പോൾ ആർക്കെങ്കിലും ഒരു അവാർഡ് കൊടുക്കണം. അല്ലെങ്കിൽ ഒരു അവാർഡ് വാങ്ങണം. നാളിതുവരെ മോനായി എത്ര അവാർഡ് കൊടുത്തിട്ടുണ്ട് എന്നതിന് കണക്കില്ല. നൂറിൽ കുറയാൻ സാദ്ധ്യതയില്ല എന്നുമാത്രം പറയാം. മോനായിക്ക് എത്ര അവാർഡ് കിട്ടിയിട്ടുണ്ട്? ഏതാനും മാസം മുൻപുള്ള കണക്ക് ഇതാണ്:
1. സാഹിത്യ പ്രതിഭ അവാർഡ്.
2. പുത്തൻകാവ് മാത്തൻ തരകൻ അവാർഡ്.
3. സുഭാഷിതം അവാർഡ്.
4. ഹാബേൽ ഫൗണ്ടേഷൻ അവാർഡ്.
5. പേരെടുത്തു പറയാൻ പറ്റാത്ത കുറെ അവാർഡുകൾ എക്സ്ട്രാ.

ആരാണ് മോനായി? അത് മോനായി തന്നെ പറഞ്ഞിട്ടുണ്ട്:
1. ഐ.പി.സി. കരുണാപുരം ഏരിയാ സെക്രട്ടറി (അമ്മായിയപ്പനാണ് സെന്റർ പാസ്റ്റർ).
2. പ്രിൻസിപ്പാൾ, ബഥേൽ ബൈബിൾ കോളേജ് കരുണാപുരം. (അമ്മായിയപ്പൻ വഹ).
3. പാസ്റ്റർ, ഐ.പി.സി. പോത്തിൻകണ്ടം. (അമ്മായിയപ്പന്റെ സെന്ററിലുള്ള സഭ). പ്രത്യേക ശ്രദ്ധക്ക്: മോനായി ആ സ്ഥലത്ത് എത്തുന്നതിനു മുൻപും പോത്തിൻകണ്ടം എന്നുതന്നെ ആയിരുന്നു സ്ഥലത്തിന്റെ പേര്).
4. സ്ഥാപക പ്രസിഡന്റ്, റീമാ പബ്ലിഷേഴ്സ് ഇന്റർനാഷണൽ.
5. സ്ഥാപക പ്രസിഡന്റ്, റീമ ഫൗണ്ടേഷൻ.
6. സ്ഥാപക പ്രസിഡന്റ്, റീമാ സ്ക്കൂൾ ഓഫ് ജേർണലിസം.
7. എഡിറ്റർ, സുഭാഷിതം.

പോരേ പൂരം. ഇത്ര മഹാനായ വ്യക്തി 15 പേർക്ക് അവാർഡ് കൊടുത്തപ്പോൾ സ്വയം ഒരെണ്ണം എഴുതി എടുക്കാതിരുന്നത് മോശമായിപ്പോയി എന്ന് ആരും സമ്മതിക്കും.

മൂന്നു ഡസനോളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള മോനായിയെ ജനം മോഷണായി എന്നാണ് വിളിക്കുന്നത്. മോനായിയുടെ മിക്ക ഗ്രന്ഥങ്ങളും കോപ്പിയടിയാണ് എന്നതാണ് ഈ നാമകരണത്തിന് കാരണമായ അത്ഭുതം. ഉപവാസം എന്ന വിഷയത്തേക്കുറിച്ച് വചനപോഷിണിയിൽ വന്ന ലേഖനങ്ങൾ അതേപടി എടുത്ത് സ്വന്തം പേരിൽ പുസ്തകമാക്കുകവരെ ചെയ്തിട്ടുണ്ട് മോനായി. പക്ഷേ ഇതിന്റെയൊന്നും പേരിൽ അഹങ്കരിക്കുന്ന പ്രകൃതക്കാരനല്ല അദ്ദേഹം.

അവാർഡ് കൊടുത്ത് എങ്ങനെ പണമുണ്ടാക്കാം എന്ന് മാലോകർക്ക് കാണിച്ചു കൊടുത്തതും മോനായിയാണ്. അവാർഡ് കൊടുത്താൽ പണം നഷ്ടമാകുകയില്ലേ എന്ന് സംശയം തോന്നാം. സാധുക്കളായ നിങ്ങൾ എന്തറിയുന്നു വിഭോ.

വേണ്ടതിൽ അധികം പണമുള്ള ഒരു പൊങ്ങപ്പോഴനെ കണ്ടെത്തുകയാണ് ആദ്യപടി. വിദേശ മലയാളിയായാൽ ഏറെ നന്ന്. അദ്ദേഹത്തിന് സുഭാഷിതം മാസികയുടെ വകയായി ഒരു അവാർഡ് നൽകാൻ തീരുമാനിച്ചതായി അറിയിക്കുക. അവാർഡ് തുക എത്രയും വലുതാകുന്നോ അത്രയും നന്ന്. ഉദാഹരണത്തിന് 25,000 രൂപയുടെ അവാർഡും ഫലകവും പ്രശസ്തി പത്രവും ആകട്ടെ. അവാർഡ് വിവരം എല്ലാ പത്രങ്ങളേയും അറിയിക്കുക. അവാർഡ് തുക അത്ര മോശമല്ലാത്തതുകൊണ്ട് ലോക്കൽ പേജിലെങ്കിലും വാർത്ത വരും.

അവാർഡ് ജേതാവിൽ നിന്ന് 25,000 രൂപ വാങ്ങുകയാണ് അടുത്ത പടി. ഫലകം, പ്രശസ്തിപത്രം എന്നിവ ഉണ്ടാക്കുക, അവാർഡ് ദാന സമ്മേളനം നടത്തുക തുടങ്ങിയവയ്ക്കായി ഏകദേശം 5000 രൂപ ചെലവാകും. ബാക്കി 20,000 രൂപ മിച്ചം. അത് മോനായിയുടെ പോക്കറ്റിൽ.

അപ്പോൾ അവാർഡ് തുകയായ 25,000 എങ്ങനെ കൊടുക്കും? കഷ്ടം. നിങ്ങൾക്ക് ഇത്ര ബുദ്ധിയില്ലാതായോ? മനോഹരമായ ഒരു കവറിൽ അല്പം കട്ടിയുള്ള ഒരു കടലാസ് വെച്ച് കൊടുത്താൽ പോരേ? പണം കിട്ടുകയില്ലെന്ന് ആദ്യം തന്നെ വ്യക്തമാക്കിയിട്ടാണല്ലോ അവാർഡ് പ്രഖ്യാപിച്ചതും 25000 രൂപ വാങ്ങിയതും. അതുകൊണ്ട് അവാർഡ് ജേതാവിന് പരാതിയുണ്ടാകില്ല. പത്രത്തിലൂടെയും മറ്റും ലഭിക്കുന്ന പ്രശസ്തിയാണല്ലോ ഈ ചങ്ങാതിയുടെ ലക്ഷ്യം. ഫലകവും പ്രശസ്തിപത്രവും മറ്റും ഭിത്തിയിൽ തൂക്കിയിട്ടു കിട്ടുന്ന മഹത്വം എക്സ്ട്രാ.




## അമ്പമ്പടാ ഞാനേ

മോനായിക്ക് ലഭിച്ചിട്ടുള്ള നിരവധി അവാർഡുകളിൽ ഒരെണ്ണത്തിന്റെ പേര് സുഭാഷിതം അവാർഡ് എന്നാണ്. അത് മോനായി സ്വന്തം മാസികയായ സുഭാഷിതത്തിന്റെ വകയായി സ്വയം സമ്മാനിച്ചതാണോ എന്ന് ബലമായി സംശയിക്കണം. അങ്ങനെ ആരെങ്കിലും സ്വയം അവാർഡ് കൊടുക്കുമോ എന്ന് ചോദിക്കരുത്. കാരണം, പെന്തക്കോസ്തിൽ ഇതും ഇതിൽ അധികവും സംഭവിക്കും.

ഗൃഹദീപം എന്ന മാസിക പ്രസിദ്ധീകരിക്കുന്ന മാമ്മൻ ഫിലിപ്പ് സ്വന്തം മാസികയുടെ വകയായി ഏതാനും വർഷം മുൻപ് തനിക്കുതന്നെ അവാർഡ് നൽകുകയുണ്ടായി. അതുപോലെ കോട്ടയം ഭാഗത്തുനിന്നും പ്രസിദ്ധീകരിച്ചിരുന്ന ഒരു മാസിക ആറു മാസം തികച്ചതിന്റെ വകയായി നടത്തിയ അവാർഡ് ദാന മഹാമഹത്തിൽ മാസികയുടെ ഉടമസ്ഥനും അവാർഡ് കൊടുക്കുകയുണ്ടായി.



# നാഗാലാന്റ് സ്മരണകൾ

S.S.L.C യ്ക്കുപകരം High School leaving Certificate (H.S.L.C) പരീക്ഷയാണ് നാഗാലാന്റിലുള്ളത്. പത്താം ക്ലാസ്സിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഈ പരീക്ഷ എഴുതാൻ അനുവാദമില്ല. Selection Examination എന്നൊരു പരീക്ഷ ജയിക്കുന്നവർക്കുമാത്രമേ അതിനുള്ള യോഗ്യതയുള്ളു. ജൂലൈ-ഓഗസ്റ്റ് മാസങ്ങളിലാണ് ഈ പരീക്ഷ നടത്തുക. സർക്കാർ സ്കൂളുകൾക്കും അംഗീകൃത സ്കൂളുകൾക്കും തങ്ങൾക്കിഷ്ടമുള്ള വിധത്തിൽ സെലക്ഷൻ പരീക്ഷ നടത്താം. അഗീകാരമില്ലാത്ത സ്കൂളുകൾ തങ്ങൾക്ക് അനുവദിച്ചു കിട്ടുന്ന സെന്റർ സ്കൂളുകളിൽ പരീക്ഷയ്ക്കായി കുട്ടികളെ അയയ്ക്കും. സെന്ററിൽ നിന്നും ലഭിക്കുന്ന ഫലമനുസരിച്ചായിരിക്കും അനന്തരനടപടികൾ.

അംഗീകാരമില്ലാത്ത സ്കൂളുകൾ മൂന്നുവർഷം തുടർച്ചയായി 40% റിസൽട്ട് H.S.L.C പരീക്ഷയ്ക്കുണ്ടാക്കിയാൽ അംഗീകാരം ലഭിക്കും. വേണ്ടത്ര റിസൽട്ടുണ്ടായിരുന്നു എങ്കിലും ഞാൻ അംഗീകാരത്തിനപേക്ഷിച്ചില്ല. അംഗീകാരമുള്ള സ്കൂളുകൾ 8,9 എന്നീ ക്ലാസുകളിലെ പരീക്ഷ തങ്ങളുടെ സ്കൂളിൽ നടത്തണം. കൂടാതെ, മറ്റു ചില സ്കൂളുകളിലെ കുട്ടികൾക്കും അവിടെ സെന്ററുണ്ടാകും. H.S.L.C സെലക്ഷൻ പരീക്ഷയും തന്നത്താൻ നടത്തണം. പരീക്ഷ നടത്തുന്നതിലും റിസൽട്ടുണ്ടാക്കുന്നതിലും ഉണ്ടാകാവുന്ന പ്രശ്നങ്ങൾ വിവരിച്ചു കഴിഞ്ഞല്ലോ. എന്തിന് ഈ പൊല്ലാപ്പിനെല്ലാം പോകുന്നു. 8,9,10 എന്നീ ക്ലാസുകളിലെ കുട്ടികൾ തങ്ങൾക്കു ലഭിക്കുന്ന സെന്ററിൽ പരീക്ഷയെഴുതട്ടെ. റിസൽട്ട് എന്തുതന്നെയായാലും എനിക്കു പ്രശ്നമുണ്ടാകയില്ല. അതുകൊണ്ടാണ് അംഗീകാരത്തിനായി പല സ്ക്കൂളുകളും നെട്ടോട്ടമോടിക്കൊണ്ടിരുന്ന കാലത്തുപോലും ഞാൻ അതിനു ശ്രമിക്കാതിരുന്നത്. അതു നല്ല തീരുമാനമായിരുന്നുവെന്ന് പിന്നീടുള്ള അനുഭവങ്ങൾ തെളിയിക്കയും ചെയ്തു.

നാഗാലാന്റിലെ രാഷ്ട്രീയത്തെപ്പറ്റി ശരിയായി മനസ്സിലാക്കാൻ സാധിച്ചത് ദിമാപൂരിലായിരിക്കെയാണ്. 'ആയാറാം, ഗയാറാം' പ്രമാണമാണ് നാഗാലാന്റിൽ സ്ഥിരമായി നടന്നുവരുന്നത്. ഞങ്ങളുടെ സ്കൂളിന്റെ ഉടമസ്ഥൻ എത്രവട്ടം കാലുമാറിയെന്നോ, ഏതെല്ലാം പാർട്ടികളിൽ എപ്പോഴൊക്കെ ആയിരുന്നെന്നോ അദ്ദേഹത്തിനുതന്നെ ഓർമ്മയുണ്ടാവില്ല.



കൊന്യാക് ഗോത്രക്കാരനായ നാഗൻ

ഡിഗ്രി വരെ പഠിച്ചു. തുടർന്ന് ഗവൺമെന്റ് സർവ്വീസിൽ ചേർന്നു. ഏറെതാമസിയാതെ ജോലി രാജിവച്ച് ചില ചെറുകിട വ്യവസായങ്ങൾ ആരംഭിച്ചു.

ഒരിക്കൽ സ്വതന്ത്രനായി അസംബ്ലിയിലേക്കു മത്സരിച്ചു തോറ്റു. അടുത്തവട്ടം കോൺഗ്രസ്സ് ടിക്കറ്റ് ലഭിച്ചെങ്കിലും തോറ്റു. മൂന്നാംവട്ടം (1982) വീണ്ടും സ്വതന്ത്രനായി മത്സരിക്കയും ജയിക്കയും ചെയ്തു. അന്നത്തെ കക്ഷിനില: കോൺഗ്രസ്സ്-24; N.N.D.P-24; സ്വതന്ത്രൻ-12 എന്നിങ്ങനെയായിരുന്നു. അദ്ദേഹം 12 സ്വതന്ത്രന്മാരുടെ നേതാവായി വിലപേശി മന്ത്രിക്കസേര നേടി. മറ്റു സ്വതന്ത്രന്മാരോടൊപ്പം കോൺഗ്രസ്സിൽ ചേർന്നു. അടുത്ത അഞ്ചു വർഷം വ്യവസായമന്ത്രിയായിരുന്നു. വ്യവസായമെന്നു പറയാൻ അധികമൊന്നും ഇല്ല. ദിമാപൂരിൽ ഒരു പഞ്ചസാര ഫാക്ടറി (വർഷത്തിൽ ഒന്നോ രണ്ടോ മാസം പ്രവർത്തിക്കും), തുലിയിൽ ഒരു പേപ്പർ ഫാക്ടറി (പ്രവർത്തനം പഞ്ചസാര ഫാക്ടറിയിലേതുപോലെ തന്നെ) എന്നിവയാണ് പറയത്തക്കതായുള്ളത്. ബാക്കിയുള്ളത് കുറെ നെല്ലുകുത്തുമില്ലുകളും മറ്റുമാണ്. വലിയ 'നേട്ടം' ഇല്ലാത്ത വ്യവസായവകുപ്പ് ആർക്കും വേണ്ടാതെ കിടക്കുന്ന കാലത്താണ് തിയാമെരൻ ഏറ്റെടുത്തത്. വ്യവസായവകുപ്പ് എപ്രകാരം 'ആദായ'മുള്ളതാക്കിത്തീർക്കാമെന്ന് അദ്ദേഹം കാണിച്ചുകൊടുത്തു. വ്യവസായവകുപ്പുമന്ത്രിയായിരിക്കുന്ന കാലത്താണ് അദ്ദേഹം അനേകലക്ഷം രൂപ ചെലവാക്കി സ്കൂൾ നിർമ്മിച്ചതും മറ്റും. വാഹനങ്ങൾ, കെട്ടിടങ്ങൾ തുടങ്ങി പലതും ഉണ്ടാക്കി. അങ്ങനെ അഞ്ചുവർഷം ഭരിച്ചു.

1987-ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് ടിക്കറ്റിൽ ജയിച്ചു വീണ്ടും മന്ത്രിയായി. ഈ പ്രാവശ്യം കൃഷിവകുപ്പാണ് ലഭിച്ചത്. അതിലും അദ്ദേഹം വിജയം കൊയ്തു. പക്ഷെ ഭരണകക്ഷിയിലെ M.L.A മാരിൽ ചിലർ കാലുമാറുക നിമിത്തം 88-ൽ മന്ത്രിസഭ നിലംപതിച്ചു. അടുത്ത തെരഞ്ഞെടുപ്പിലും അദ്ദേഹം കോൺഗ്രസ്സ് ടിക്കറ്റിൽ ജയിച്ച് ധനകാര്യമന്ത്രിയായി. സാമൂഹ്യക്ഷേമവും അദ്ദേഹത്തിന്റെ കീഴിലായിരുന്നു. ധനകാര്യമന്ത്രിക്ക് ധനമുണ്ടാക്കാൻ എത്രയെളുപ്പമാണെന്ന് അദ്ദേഹം ജനങ്ങൾക്ക് കാണിച്ചുകൊടുത്തു.

പക്ഷേ ഏറെ താമസിയാതെ മന്ത്രിസഭയിൽ പ്രശ്നങ്ങൾ തലപൊക്കി. തിയാമെരൻ ആഭ്യന്തരമന്ത്രിയായി. മറ്റു സംസ്ഥാനങ്ങളിൽ ആഭ്യന്തര മന്ത്രിയെന്നത് വളരെ ഉയർന്ന പദവിയാണ്. പക്ഷേ നാഗാലാന്റിൽ ആർക്കും വേണ്ടാത്ത വകുപ്പുകളിലൊന്നാണിത്. 'ഗുണം' ഇല്ലെന്നു ചുരുക്കം. എന്നാൽ അദ്ദേഹം ഏറെ താമസിയാതെ പകരം വീട്ടി. കുറെ M.L.Aമാർ സഹിതം മറുപക്ഷത്തേയ്ക്ക് ചാടി. വീണ്ടും മന്ത്രിയായെങ്കിലും സാമൂഹ്യക്ഷേമം മാത്രമാണു കിട്ടിയത്. ഏറെ താമസിയാതെ കുറെ എം.എൽ.എമാർ കാലുമാറി. അതോടെ മന്ത്രിസഭ വീണു.

അടുത്ത് രൂപംകൊണ്ട മന്ത്രിസഭയിൽ അദ്ദേഹത്തിന് ആരോഗ്യം ലഭിച്ചു. അങ്ങനെ ക്ഷീണം മാറി. ശാരീരികമായും സാമ്പത്തികമായും കുതിച്ചുയർന്നു. ആരോഗ്യവകുപ്പിൽ വിലകൂടിയ ഉപകരണങ്ങൾ, മരുന്നുകൾ തുടങ്ങിയവ വാങ്ങിക്കൂട്ടി. പത്രങ്ങളിലൂടെ ജനം വിശദാംശങ്ങൾ അറിഞ്ഞു. അൻപതു രൂപയുടെ മരുന്നിന് 550 രൂപയും നൂറ്റിയൻപതു രൂപയുടെ ഉപകരണത്തിന് 950 രൂപയും മറ്റും കൊടുത്തെന്നാണ് പത്രക്കാർ കണ്ടുപിടിച്ചത്. കാര്യം സത്യമാകയാൽ അദ്ദേഹം അതൊന്നും നിഷേധിച്ചുമില്ല.

ഇങ്ങനെയെല്ലാം 'സേവിച്ചു'കൊണ്ടിരുന്നകാലത്തും കാലുമാറ്റങ്ങൾ മുറക്കു നടത്തിക്കൊണ്ടാണിരുന്നത്. അവസാനം തന്റേതായ ഒരു പാർട്ടിയുണ്ടാക്കി. അതോടെ മന്ത്രിസഭയിൽ നിന്നും ഔട്ടായി. പക്ഷേ തിയാമെരനില്ലാത്ത മന്ത്രിസഭയ്ക്ക് അധികാലം പിടിച്ചു നില്ക്കാൻ കഴിഞ്ഞില്ല. അതു നിലംപതിച്ചു. Dr.M.M തോമസ്സായിരുന്നു അന്ന് ഗവർണ്ണർ. തുടർന്നുള്ള ചില മാസങ്ങൾ പ്രസിഡന്റു ഭരണമായിരുന്നു.

നമ്മുടെ നാട്ടിലുള്ളതുപോലെയുള്ള നികുതികൾ നാഗാലാന്റിലില്ല. പ്രത്യക്ഷ നികുതികൾ ഇല്ലെന്നുതന്നെ പറയാം. പരോക്ഷ നികുതികളുണ്ട്. വില്പനനികുതിയാണ് പ്രധാനയിനം. അതിലൂടെയുള്ള വരുമാനം ആവകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൊടുക്കാൻ തന്നെ തികയുകയില്ല. മറ്റു നികുതികളുടെ കാര്യം പറയുകയും വേണ്ട. നാഗന്മാരെ ആദായ നികുതിയിൽ നിന്നു പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ടുതാനും. കാര്യങ്ങൾ ഇപ്രകാരമാണെങ്കിൽ സർക്കാർ കാര്യങ്ങൾ നടത്താൻ പണമെവിടെയെന്നു ചോദിച്ചേക്കാം. ഉത്തരം വളരെ ലളിതം. കേന്ദ്ര സർക്കാർ കൊടുക്കും. നാഗാലാന്റിന് ആവശ്യമുള്ള പണം മുഴുവൻ കേന്ദ്രത്തിൽ നിന്നും കൊടുക്കും. കേരളം പോലുള്ള സംസ്ഥാനങ്ങളിൽ നിന്നും പിഴിഞ്ഞെടുത്തു കൊണ്ടുപോയി ഇത്തരം ചില സംസ്ഥാനങ്ങൾക്കു കൊടുക്കും. അവർ അതുകൊടുത്തു തോക്കുവാങ്ങി നമ്മെ വെടിവെയ്ക്കും. സോഷ്യലിസം എന്നൊക്കെ പറയുന്നത് ഇതല്ലേ.

'എന്താണ് നാഗാലാന്റിലെ പ്രധാന കൃഷി' എന്ന് പലരും എന്നോടു ചോദിച്ചിട്ടുണ്ട്. 'രാഷ്ട്രീയം' എന്നാണ് ഞാൻ അതിനു കൊടുക്കുന്ന ഉത്തരം. കുഗ്രാമങ്ങളിലുള്ള കുറെ ആളുകൾ നെല്ല്, വാഴ, മുളക്, പച്ചക്കറിയിനങ്ങൾ തുടങ്ങി പലതും കൃഷി ചെയ്തുണ്ടാക്കാറുണ്ട്. പക്ഷേ ഇത്തരക്കാർ എണ്ണത്തിൽ ചുരുക്കമാണ്. നാഗന്മാരിൽ 10% ആളുകൾ സർക്കാർ ഉദ്യോഗസ്ഥരാണ്. അവർക്ക് ശമ്പളം, കിമ്പളം എന്നീ നിലകളിൽ നല്ല വരുമാനം ഉണ്ടായിരിക്കും. കൃഷിക്കാർ, ഉദ്യോഗസ്ഥന്മാർ എന്നിവരും കൊച്ചു കുട്ടികളും ഒഴികെയുള്ളവരെല്ലാം കോൺട്രാക്ടർമാരും സപ്ലെയർമാരുമാണ്. സംസ്ഥാനത്തെ പ്രായപൂർത്തിയായ ജനങ്ങളിൽ 75% ഇത്തരക്കാരാണ്. ഇത്രത്തോളമാളുകൾക്ക് ഈ രംഗത്ത് പിടിച്ചു നില്ക്കാനുള്ള അവസരമുണ്ടോ എന്നു സംശയം തോന്നാം. പിടിച്ചു നിൽക്കാം എന്നാണുത്തരം. കാര്യം ഇങ്ങനെയാണ്; പണികളെല്ലാം കടലാസിൽ. സപ്ലെയും കടലാസിൽ. തട്ടിയെടുക്കുന്ന പണം എങ്ങനെയെല്ലാം വിഭജിക്കണമെന്ന വിഷയത്തിൽ മാത്രമേ സംശയവും തർക്കവുമുണ്ടാകാറുള്ളു. മന്ത്രിക്ക് എത്ര ശതമാനം, ഉദ്യോഗസ്ഥന്മാർക്ക് എത്ര ശതമാനം, കോൺട്രാക്ടർക്ക് മിച്ചം എത്ര എന്നിവയെല്ലാം നിർണ്ണയിക്കാൻ ശരിക്കും കണക്കു കൂട്ടേണ്ടിവരും.

കേരളത്തിലേതുപോലുള്ള സമരങ്ങൾ നാഗാലാന്റിലില്ല. ബന്ദുകളും കുറവാണ്. പക്ഷേ സ്ഥിതിഗതികൾ വളരെ വേഗം മാറിക്കൊണ്ടിരിക്കയാണ്. ബന്ദിനു പേരുകേട്ട സംസ്ഥാനമാണ് ആസ്സാം. അവിടെ കച്ചാരി ബന്ദ്, കാർബി ബന്ദ്, ബോഡോ ബന്ദ്. ഓരോ ജില്ലയ്ക്കും പ്രത്യേകം ബന്ദ്, ആസ്സാം ബന്ദ് എന്നിങ്ങനെ പലരൂപത്തിലും ഭാവത്തിലും ബന്ദുണ്ടാകും. ട്രെയിൻ ലേറ്റാകുന്നതു മിനിറ്റു കളായാണെങ്കിൽ ബന്ദ് മണിക്കൂർ കണക്കിലാണ്. 50 മണിക്കൂർ, 100മണിക്കൂർ, 500 മണിക്കൂർ, 1000മണിക്കൂർ എന്നിങ്ങനെ. കുഴയുന്നതു യാത്രക്കാരാണ്. ആഴ്ചകൾ നീണ്ടു നിൽക്കുന്ന ബന്ദിൽ അകപ്പെട്ടാലുണ്ടാകുന്ന ബുദ്ധിമുട്ട് ഭാവനയിൽ കണ്ടു നോക്കുക.

(തുടരും)

# പോലീസിന്റെ ക്രൂരകൃത്യങ്ങൾ

ചെറിയാച്ചന്റെ ക്രൂരകൃത്യങ്ങൾ എന്നൊരു സിനിമയുണ്ട്. ഇവിടെ പറയാൻ പോകുന്നത് സൈബർ കേസ്സിൽ പോലീസ് നടത്തിയ ക്രൂരകൃത്യങ്ങളേക്കുറിച്ചാണ്. പോലീസല്ലേ, ഇമ്മിണി ക്രൂരകൃത്യങ്ങളൊക്കെ ഉണ്ടാകും എന്ന് പറയാൻ വരട്ടെ. പോലീസ് സാധാരണയായി ചെയ്യാറുള്ള ക്രൂരകൃത്യങ്ങളല്ല സൈബർ കേസ്സിൽ ചെയ്തത്. നിരപരാധികളായ ഞങ്ങളെ കുറ്റവാളികളാക്കാനുള്ള വ്യാജ തെളിവ് ഉണ്ടാക്കുകയാണ് ഡി.വൈ.എസ്.പി. രാമചന്ദ്രൻ നായർ ചെയ്തത്.

പരാതിക്കാരനായ ടി.എസ്.ഏബ്രഹാമിന്റെ ജോലിക്കാരനായ ശ്രീജു 2002 മാർച്ച് 11ന് എട്ട് ഈമെയിൽ പ്രിന്റുകൾ ഡി.വൈ.എസ്.പിക്ക് കൊടുത്തു. ഇങ്ങനെ ഈമെയിൽ ഉണ്ടായിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താൻ ഈമെയിലുകളുടെ ഒറിജിനൽ ഇന്റർനെറ്റിൽ നിന്ന് എടുത്തു കാണിക്കാൻ ശ്രീജുവിനോട് പറയുകയായിരുന്നു ഡി.വൈ.എസ്.പി. ഉടൻ ചെയ്യേണ്ടിയിരുന്നത്. പക്ഷേ ടി.എസ്.ഏബ്രഹാം വീശിയെറിഞ്ഞ പണം കണ്ടപ്പോൾ അദ്ദേഹം ആ വഴിക്ക് തിരിഞ്ഞില്ല. സത്യം കണ്ടെത്തുന്നതിനു പകരം ബാലനെ കുരുക്കാനുള്ള വഴി ആലോചിക്കുകയാണ് ചെയ്തത്. കേസ്സിനാധാരമായ ഈമെയിലുകളുടെ ഒറിജിനൽ ഒരിക്കലും അദ്ദേഹം കണ്ടതേയില്ല.

ശ്രീജു നൽകിയ ഈമെയിലുകൾ കൃത്രിമമായി ഉണ്ടാക്കിയതാണെന്ന് ഡി.വൈ.എസ്.പിക്ക് അറിയാമായിരുന്നു. അതുകൊണ്ട് അല്പമെങ്കിലും കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ആരേയും അദ്ദേഹം അവ കാണിച്ചില്ല. ഈമെയിൽ ആരാണ് അയച്ചത് എന്ന് അറിയാനായി മദ്രാസിലെ സിഫി ഓഫീസിലേക്ക് കത്തയച്ചപ്പോൾ ഈമെയിൽ പ്രിന്റുകളുടെ കോപ്പി അയയ്ക്കാതെ ഐ.പി. അഡ്രസ്സ് മാത്രം അയച്ചു. ഈമെയിൽ പ്രിന്റുകൾ സിഫിയിലെ ഉദ്യോഗസ്ഥർ കണ്ടാൽ അത് കൃത്രിമമാണെന്ന് മനസ്സിലാക്കാൻ ഇടയുണ്ട്. അതുകൊണ്ടാണ് ഈമെയിൽ പ്രിന്റുകൾ അയയ്ക്കാതെ ഐ.പി. അഡ്രസ്സ് മാത്രം അയച്ചത്. ഞാൻ ആർക്കൊക്കെയോ അയച്ച സാധാരണ ഈമെയിലുകളിൽ നിന്ന് ഐ.പി. ശേഖരിച്ച് വ്യാജ ഈമെയിലുകളിൽ കൃത്രിമം നടത്തിയാണല്ലോ ശ്രീജു നൽകിയത്. അതുകൊണ്ട് ഈ ഐ.പികൾ ഞങ്ങളുടേതാണെന്ന് സിഫി പറഞ്ഞു. അങ്ങനെ വ്യാജ ഈമെയിൽ അയച്ചത് ഞങ്ങളാണെന്ന് വരുത്തി തീർക്കാൻ ആവശ്യമായ തെളിവുണ്ടാക്കാൻ അന്വേഷണ ഉദ്യോഗസ്ഥനായ ഡി.വൈ.എസ്.പിക്ക് കഴിഞ്ഞു.

ഈമെയിൽ പ്രിന്റിൽ ഞങ്ങളുടെ ഐ.പി. ഉള്ളതുകൊണ്ടു മാത്രം മതിയാകയില്ല എന്ന് ഡി.വൈ.എസ്.പിക്ക് തോന്നി. ഞങ്ങളുടെ കമ്പ്യൂട്ടറിൽ നിന്നുതന്നെ തെളിവെടുക്കണം. ഈ കേസ്സ് അന്വേഷണത്തിന് ശ്രീജുവിന്റെ സഹായം അത്യന്താപേക്ഷിതമാണെന്നു കാണിച്ച് ഡി.വൈ.എസ്.പി. 2002 മാർച്ച് 11ന് എസ്.പിക്ക് കത്തു കൊടുത്തു. പോലീസിൽ നിരവധി കമ്പ്യൂട്ടർ വിദഗ്ദ്ധർ ഉള്ളപ്പോൾ ശ്രീജുവിന്റെ സഹായം അത്യന്താപേക്ഷിതമായതെങ്ങനെ? ഉത്തരം വ്യക്തം: ബാലനെ കുരുക്കാൻ ടി.എസ്.ഏബ്രഹാമിന്റെ ജോലിക്കാരനായ ശ്രീജുവിന്റെ സഹായം വേണം. ശ്രീജുവിനെ ഉപയോഗിക്കാനുള്ള അനുവാദം 2002 മെയ് 15ന് കിട്ടി. അനുവാദം കിട്ടിയത് മെയ് 15ന് ആണെന്ന് കുറ്റപത്രത്തിൽ പറയുന്നുമുണ്ട്. പക്ഷേ എന്റെ വീട്ടിൽ ശ്രീജുവുമായി എത്തിയത് ഏപ്രിൽ 22ന് ആയിരുന്നു. അതായത്, ശ്രീജുവിനെ ഉപയോഗിച്ച് എന്റെ കമ്പ്യൂട്ടർ പരിശോധിപ്പിച്ചത് അനധികൃതമായിട്ടായിരുന്നു. ആ തട്ടിപ്പ് ഒളിക്കാനായി 15-5-2002 എന്ന തീയതി 15-3-2002 എന്ന് തിരുത്തി. പക്ഷേ കുറ്റപത്രത്തിൽ 15-5-2002 എന്ന സത്യം എഴുതുകയും ചെയ്തു.

ശ്രീജുവിനെ ഉപയോഗിച്ച് എങ്ങനെയാണ് ഞങ്ങളുടെ കമ്പ്യൂട്ടറിൽ കൃത്രിമം കാണിച്ചത് എന്ന് കഴിഞ്ഞ ലക്കത്തിൽ വിവരിച്ചിരുന്നല്ലോ. ഞങ്ങളുടെ കമ്പ്യൂട്ടറിൽ സി.ഡി. ഇട്ട് ശ്രീജു കൃത്രിമം നടത്തി. അതു കഴിഞ്ഞ് കമ്പ്യൂട്ടർ സീല് ചെയ്യാതെ എടുത്തുകൊണ്ടു പോയി. സീല് ചെയ്തെന്ന് കുറ്റപത്രത്തിൽ എഴുതുകയും ചെയ്തു. പക്ഷേ കമ്പ്യൂട്ടർ സീല് ചെയ്തു എന്ന് തെളിയിക്കാൻ ഒരു സാക്ഷിയേയും ഹാജരാക്കാൻ കഴിഞ്ഞുമില്ല.

2002 ഏപ്രിൽ 22ന് അനീഷിനെ അറസ്റ്റ് ചെയ്തു. 11 ദിവസം കഴിഞ്ഞ് അവന് ജാമ്യം കിട്ടി. അത് ഡി.വൈ.എസ്.പിക്ക് രസിച്ചില്ല. ഏതാനും ദിവസം കഴിഞ്ഞ് ഡി.വൈ.എസ്.പി. ഞങ്ങളുടെ വീട്ടിൽ എത്തി. ജാമ്യത്തിൽ നിന്ന അനീഷിനെ വീണ്ടും കസ്റ്റഡിയിൽ എടുത്തു. അന്നു വൈകിട്ട്, ഞങ്ങളുടെ വീട്ടിൽ നിന്നും 40 കിലോമീറ്റർ അകലെ ഇറക്കി വിടുകയും ചെയ്തു.

എന്നെ അറസ്റ്റ് ചെയ്യാൻ പദ്ധതിയുണ്ടെന്നു മനസ്സിലായപ്പോൾ ഞാൻ മുൻകൂർ ജാമ്യത്തിന് ശ്രമിച്ചു. തുടർന്നുണ്ടായ സംഭവങ്ങളും കഴിഞ്ഞ ലക്കത്തിൽ വിവരിച്ചിരുന്നല്ലോ. കോടതിയുത്തരവ് ധിക്കരിച്ച് ഡി.വൈ.എസ്.പി. എന്നെ മെയ് 17ന് അറസ്റ്റ് ചെയ്തു. മെയ് 18ന് അറസ്റ്റ് ചെയ്തു എന്ന് രേഖയുണ്ടാക്കി കോടതിയിൽ ഹാജരാക്കുകയും ചെയ്തു. എനിക്ക് ജാമ്യം കിട്ടാതിരിക്കാൻ ആവശ്യമായതെല്ലാം അദ്ദേഹം ചെയ്തു. അതുകൊണ്ട് പത്തനംതിട്ടയിൽ നിന്ന് എനിക്ക് ജാമ്യം കിട്ടിയില്ല. പക്ഷേ ഹൈക്കോടതി എനിക്ക് ജാമ്യം അനുവദിച്ചു.

ഒരു റിക്കവറികൂടി ഉണ്ടെങ്കിൽ കേസ്സിന് കൂടുതൽ ബലം കിട്ടും എന്ന് ഡി.വൈ.എസ്.പിക്ക് തോന്നി. അങ്ങനെയാണ് പി-9 ഈമെയിലുകൾ ഉണ്ടാക്കിയത്. പക്ഷേ കമ്പ്യൂട്ടറിൽ ഉള്ള അറിവുകുറവുകൊണ്ട് കുറെ അബദ്ധങ്ങൾ പറ്റി. ഇതേപ്പറ്റി മൂന്നാം പേജിൽ വിവരിച്ചിട്ടുള്ളതുകൊണ്ട് ഇവിടെ ആവർത്തിക്കുന്നില്ല.

കുറ്റവാളികളെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവരിക എന്നത് പോലീസ് ഉദ്യോഗസ്ഥന്റെ കടമയാണ്. ആ ഉദ്ദേശ്യത്തോടെയാണ് ഡി.വൈ.എസ്.പി. കേസ്സ് അന്വേഷിച്ചതെങ്കിൽ അദ്ദേഹം അഭിനന്ദനം അർഹിക്കുന്നു. പക്ഷേ അതല്ല അദ്ദേഹം ചെയ്തത്. പരാതിക്കാരനായ ടി.എസ്.ഏബ്രഹാമിന്റേയും അദ്ദേഹത്തിന്റെ ജോലിക്കാരനായ ശ്രീജുവിന്റേയും ആജ്ഞാനുവർത്തിയായി ഡി.വൈ.എസ്.പി. തരംതാണു. എഫ്.ഐ.ആറിൽ പേരുള്ള മാത്യു വർഗീസിനേയും കൂട്ടരേയും ടി.എസ്.ഏബ്രഹാമിന്റെ നിർദ്ദേശപ്രകാരം ഒഴിവാക്കി. ടി.എസ്.ഏബ്രഹാമിന്റെ ആഗ്രഹം അനുസരിച്ച് എന്നേയും അനീഷിനേയും പ്രതികളാക്കി. ഞങ്ങൾക്കെതിരെ തെളിവുകൾ തട്ടിക്കൂട്ടി. പണത്തിനു മീതെ പരുന്തും പറക്കില്ല എന്ന് ഡി.വൈ.എസ്.പി. തെളിയിച്ചു. ഇദ്ദേഹം ഇപ്പോൾ കോട്ടയം ക്രൈംബ്രാഞ്ച് എസ്.പിയാണ്. കോട്ടയംകാരെ ദൈവം രക്ഷിക്കട്ടെ എന്നേ എനിക്കു പറയാനുള്ളൂ.

# ഇടമറുക്: ഒരു അനുസ്മരണം

ഇടമറുക് അന്തരിച്ചു. ഒരു പെന്തക്കോസ്ത് പത്രത്തിലും ഇടമറുകിനേക്കുറിച്ച് അനുസ്മരണം ഉണ്ടാകില്ല. പെന്തക്കോസ്തുകാർ ഉൾപ്പെടെയുള്ള ദൈവവിശ്വാസികൾക്ക് ഇടമറുക് എന്നും കണ്ണിലെ കരടായിരുന്നു എന്നതുതന്നെ കാരണം.

വ്യത്യസ്തമായി ചിന്തിക്കുന്നവരെ സമൂഹം ഒറ്റപ്പെടുത്തും. ചോദ്യങ്ങൾ ചോദിച്ച സോക്രട്ടീസിനെ അംഗീകരിക്കാനുള്ള സംസ്ക്കാരം ഗ്രീക്കുകാർക്കുണ്ടായില്ല. സൂര്യനല്ല ഭൂമിയാണ് കറങ്ങുന്നത് എന്നു പറയാൻ ധൈര്യം കാണിച്ചവൻ അതിന്റെ ഫലം അനുഭവിച്ചു. പറഞ്ഞു കേൾക്കുന്ന എന്തു വിഡ്ഢിത്തവും ചോദ്യം ചെയ്യാതെ വിശ്വസിച്ചുകൊള്ളണം. അല്ലെങ്കിൽ ഫലം അനുഭവിക്കും.

ചെറുപ്പകാലത്തുതന്നെ ഇടമറുക് വ്യത്യസ്തമായി ചിന്തിച്ചു. യേശുക്രിസ്തു ഒരു മനുഷ്യനാണെന്ന് ഇടമറുക് പ്രഖ്യാപിച്ചു. അദ്ദേഹം അംഗമായിരുന്നു ക്രൈസ്തവസഭക്ക് അത് അംഗീകരിക്കാൻ കഴിഞ്ഞില്ല. അവർ അദ്ദേഹത്തെ സഭയിൽ നിന്നും പുറത്താക്കി. സഭ ചെയ്തത് തെറ്റാണെന്ന് ഇടമറുകുപോലും പറയുമെന്ന് തോന്നുന്നില്ല. യേശുക്രിസ്തു പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമാണെന്ന് പഠിപ്പിക്കുന്ന സഭയിൽ അംഗമായി തുടരാൻ യേശു മനുഷ്യനാണെന്ന് പഠിപ്പിക്കുന്ന വ്യക്തിക്ക് അവകാശമില്ല. യുക്തിവാദിയാണെന്ന് അവകാശപ്പെടുന്ന ഒരാൾ കെട്ടുമെടുത്ത് ശബരിമലയ്ക്കു പോയാൽ അയാളെ പിന്നീട് യുക്തിവാദിയായി കണക്കാക്കുമോ?

ഇടമറുകിനെ സഭയിൽ നിന്നും പുറത്താക്കിയത് തികച്ചും ഉചിതമായ നടപടി ആയിരുന്നു. പക്ഷേ ക്രൈസ്തവർ അവിടംകൊണ്ട് നിർത്തിയില്ല. ഇടമറുകിനെ സഭ നിരന്തരം വേട്ടയാടി. ലോകത്തിലെ ഏറ്റവും വലിയ പാപി ഇടമറുകാണെന്ന വിധത്തിലായിരുന്നു പ്രചരണം. വസ്തുതകൾ വിശകലനം ചെയ്യുവാൻ സാമാന്യബുദ്ധി ഉപയോഗിച്ചു എന്നത് അത്ര വലിയ കുറ്റമാണോ? സകലത്തേയും സൃഷ്ടിച്ച ഒരു ദൈവം ഉണ്ട് എന്ന് വിശ്വസിക്കാൻ യുക്തിബോധം അദ്ദേഹത്തെ അനുവദിച്ചില്ല. ദൈവം ഉണ്ടെന്ന് വിശ്വസിക്കുവാൻ ഒരു വ്യക്തിക്ക് സ്വാതന്ത്ര്യമുള്ളതുപോലെ ദൈവം ഇല്ലെന്നു വിശ്വസിക്കാനും സ്വാതന്ത്ര്യമുണ്ട്. ഒരു ദൈവത്തിൽ വിശ്വസിക്കുകയോ മുപ്പത്തിമൂന്നുകോടി ദൈവങ്ങളിൽ വിശ്വസിക്കയോ ദൈവമേ ഇല്ല എന്നു വിശ്വസിക്കയോ ഒക്കെ ആകാം.



ജോസഫ് ഇടമറുക്



സനൽ ഇടമറുക്

ദൈവവിശ്വാസികൾ ഇടമറുകിനെ വേട്ടയാടിയതിന്റെ യഥാർത്ഥ കാരണം ഇതൊന്നുമല്ല എന്ന് സൂക്ഷ്മമായി വിശകലനം ചെയ്താൽ മനസ്സിലാക്കാം. ഇടമറുക് ഉന്നയിച്ച പ്രശ്നങ്ങൾക്ക് മറുപടി പറയാൻ ദൈവവിശ്വാസികൾക്ക് കഴിഞ്ഞില്ല. ഉത്തരം മുട്ടിയപ്പോൾ അവർ കൊഞ്ഞനം കുത്തിയത് സ്വാഭാവികം.

ഇടമറുകിന്റെ നിലപാടുകളെല്ലാം ഡിഫെൻഡർ അംഗീകരിക്കുന്നു എന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. ഡിഫെൻഡറിന് ഒരു വിധത്തിലും അംഗീകരിക്കാനാവാത്ത നിരവധി കാര്യങ്ങൾ ഇടമറുക് പറഞ്ഞിട്ടുണ്ട്. ഉദാഹരണത്തിന്, യേശുക്രിസ്തു മനുഷ്യൻ മാത്രമാണെന്ന് ഇടമറുക് ആദ്യകാലത്ത് പറഞ്ഞു. പക്ഷേ യേശു പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവുമാണെന്നത്രേ ഡിഫെൻഡറിന്റെ നിലപാട്. ഇത് വിശ്വാസത്തിന്റെ പ്രശ്നമാണ്. ബൈബിൾ ഉപയോഗിച്ചു മാത്രമേ ഡിഫെൻഡറിന്റെ നിലപാട് തെളിയിക്കാൻ കഴിയൂ. ബൈബിൾ ആധികാരിക ഗ്രന്ഥമായി ഇടമറുക് അംഗീകരിക്കുകയുമില്ല.

യേശുക്രിസ്തു എന്നൊരു വ്യക്തി ജീവിച്ചിരുന്നില്ല എന്ന് ഇടമറുക് പിന്നീടു പറഞ്ഞു. ചരിത്രത്തിലും പുരാവസ്തു ശാസ്ത്രവും ഒക്കെ അറിയാവുന്നവർ ഇതിന് മറുപടി പറയട്ടെ. പക്ഷേ ഇങ്ങനെ പറഞ്ഞതുകൊണ്ട് ഇടമറുകിനെ അന്ധമായി എതിർക്കാനോ അവഹേളിക്കാനോ ഡിഫെൻഡർ തയ്യാറല്ല.

ശാസ്ത്രീയ അടിത്തറയില്ലാത്ത ഒട്ടേറെ അബദ്ധ സങ്കല്പങ്ങളുടെ പൊള്ളത്തരം ഇടമറുകിനേപ്പോലുള്ളവർ വെളിച്ചത്തു കൊണ്ടുവന്നു എന്നത് ഒരു വസ്തുതയാണ്. അത്ഭുതത്തിന്റേയും രോഗശാന്തിയുടേയും മറ്റും ലേബൽ ഒട്ടിച്ച് പെന്തക്കോസ്തുകാർ മാർക്കറ്റിൽ ഇറക്കിയ വ്യാജച്ചരക്കുകൾ ചെലവാകാതെ കെട്ടിക്കിടക്കുന്നതിന്റെ പിന്നിലും ഇടമറുകിനേപ്പോലുള്ള യുക്തിവാദികളുടെ കൈയുണ്ട്.

ഗർഭപാത്രം ഓപ്പറേഷനിലൂടെ എടുത്തു മാറ്റിയ ഒരു സ്ത്രീ പിന്നീട് പ്രസവിച്ചു എന്ന് ഒരു രോഗശാന്തി സംഘം അടുത്ത കാലത്ത് പ്രചരിപ്പിക്കയുണ്ടായി. ഇങ്ങനെയൊരു സംഭവം നടന്നിട്ടുണ്ടെങ്കിൽ വലിയ ബുദ്ധിമുട്ടൊന്നും കൂടാതെ അത് തെളിയിക്കാൻ കഴിയും. കാൽ നൂറ്റാണ്ടായി ഭക്ഷണം കഴിക്കാതെ രാഗിണി മേരി ജീവിക്കുന്നു എന്ന അവകാശവാദത്തിന്റെ കാര്യവും ഇങ്ങനെതന്നെ. ഇവയിൽ ഏതെങ്കിലും ഒന്ന് ജോസഫ് ഇടമറുകിന്റെ മകനായ സനൽ ഇടമറുകിന് തെളിവു സഹിതം ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞാൽ അദ്ദേഹം ദൈവവിശ്വാസിയാകും എന്നതിന് സംശയമില്ല. സുരേഷ് ബാബുവിലൂടെ എണ്ണമറ്റ രോഗശാന്തികൾ നടന്നു എന്ന് പ്രചരിപ്പിക്കുന്നവർ അവയിൽ ഒന്നെങ്കിലും സനലിന് തെളിയിച്ചു കൊടുക്കുക. ഇതിനൊന്നും തയ്യാറാകാതെ യുക്തിവാദികളെ കുറ്റം പറയുന്നതിൽ അർത്ഥമില്ല.

ഒഴുക്കിനെതിരെ തുഴയുന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്. പക്ഷേ ഇടമറുകിനേപ്പോലുള്ളവർ അതിനു തയ്യാറായി. അവർ അതിനുള്ള വിലയും കൊടുത്തു. ദൈവഭക്തരായ കാപാലികർ അവരെ നിരന്തരം വേട്ടയാടി. ശാരീരികമായും മാനസികമായും പീഡിപ്പിച്ചു. പേപ്പട്ടിയേപ്പോലെ എറിഞ്ഞോടിച്ചു. പക്ഷേ അവർ തങ്ങളുടെ ബോദ്ധ്യങ്ങളിൽ ഉറച്ചു നിന്നു പോരാടി. അവരുടെ സ്ഥൈര്യത്തിന്റെ മുൻപിൽ മതാന്ധരുടെ ആയുധങ്ങൾ വിഫലമായി. ഭക്തിയുടെ മറവിൽ വ്യഭിചാരവും കൊള്ളയും നടത്തുന്ന പെന്തക്കോസ്ത് നേതാക്കന്മാരേക്കാൾ അധികം ഇടമറുകിനേപ്പോലുള്ളവരെ ഡിഫെൻഡർ ബഹുമാനിക്കുന്നതെന്തുകൊണ്ടെന്ന് വ്യക്തമാണല്ലോ.

RNI No. 68089 / 97
2006 July 16

THE DEFENDER

REGISTERED
KL/ALY/0031/2006-08

# കഥയറിയാതെ ആട്ടം കണ്ടാൽ

വായന ദ്വൈവാരികയുടെ ജൂലൈ 15 ലക്കത്തിൽ പ്രസിദ്ധീകരിച്ച ''മോഷ്ടിക്കപ്പെടുന്ന കുഞ്ഞാടുകൾ''എന്ന ലേഖനം ശ്രദ്ധേയമായി. എപ്പിസ്ക്കോപ്പൽ സഭകളിൽ നിന്ന് പെന്തക്കോസ്ത് സഭകളിലേക്ക് ജനം എന്തുകൊണ്ട് ഒഴുകുന്നു എന്നതാണ് ലേഖനത്തിന്റെ വിഷയം. പെന്തക്കോസ്ത് സഭകളിലുള്ള പാട്ട്, പ്രാർത്ഥന തുടങ്ങിയവ ഈ ഒഴുക്കിന് അനുകൂലമായ ഘടകങ്ങളാണെന്ന് ലേഖകൻ വിശദീകരിക്കുന്നു. എന്നാൽ വിദേശ പണത്തിന്റെ ദുരുപയോഗവും പ്രധാന കാരണമായി പറയുന്നുണ്ട്. അതേപ്പറ്റി ഡിഫെൻഡറിന് പറയാനുള്ളത് എന്താണെന്ന് നാലാം പേജിൽ വായിക്കാം.

മതപരിവർത്തനത്തിന് ഉപയോഗിക്കുന്നത് വിദേശ പണം എന്ന തലക്കെട്ടോടെ കുമ്മനം രാജശേഖരൻ നടത്തിയ പ്രതികരണം ശ്രദ്ധേയമാണ്. അത് മൂന്നാം കോളത്തിൽ വായിക്കാം. ഈ കുറിപ്പിനുള്ള പ്രതികരണം എന്ന നിലക്ക് മരുപ്പച്ച ദ്വൈവാരികയുടെ ജൂലൈ 5 ലക്കത്തിൽ അച്ചൻകുഞ്ഞ് ഇലന്തൂർ എഴുതിയ എഡിറ്റോറിയൽ തെറ്റിദ്ധാരണാജനകമാണ്. കുമ്മനം പറഞ്ഞത് ശ്രദ്ധിച്ചു വായിച്ചിരുന്നെങ്കിൽ അച്ചൻകുഞ്ഞ് ഇങ്ങനെ എഴുതുമായിരുന്നില്ല എന്നാണ് ഡിഫെൻഡറിന് പറയാനുള്ളത്.

കുമ്മനത്തിന്റെ മനക്കോട്ടകൾ എന്ന തലക്കെട്ടോടെയാണ് അച്ചൻകുഞ്ഞിന്റെ ലേഖനം പ്രസിദ്ധീകരിച്ചിരിക്കുന്നത്. മനക്കോട്ട എന്ന വാക്കിന് അച്ചൻകുഞ്ഞ് ഉദ്ദേശിക്കുന്ന അർത്ഥമല്ല മലയാള ഭാഷയിൽ ഉള്ളത്. മലർപ്പൊടിക്കാരന്റെ മനോരാജ്യം പോലെയുള്ളവയാണ് മനക്കോട്ടകൾ. അത്തരമൊരു മനോരാജ്യം കുമ്മനത്തിന്റെ കുറിപ്പിലില്ല. മനക്കണക്ക് എന്ന അർത്ഥത്തിലാകാം അച്ചൻകുഞ്ഞ് ഈ തലക്കെട്ടു കൊടുത്തതെന്നു കരുതാം.

കേരളത്തിലെ പെന്തക്കോസ്ത് വിഭാഗങ്ങൾക്ക് പ്രതിവർഷം 800 കോടിരൂപ വിദേശത്തുനിന്നും ലഭിക്കുന്നു എന്ന പ്രസ്താവന ശരിയല്ല എന്നാണ് അച്ചൻകുഞ്ഞ് പറയുന്നത്. പക്ഷേ പെന്തക്കോസ്ത് വിഭാഗങ്ങൾ എന്നതിൽ ഏതൊക്കെ പ്രസ്ഥാനങ്ങൾ ഉൾപ്പെടുന്നു എന്ന് കുമ്മനം പറഞ്ഞിട്ടില്ല. പെന്തക്കോസ്ത് സഭകൾ എന്നറിയപ്പെടുന്ന പ്രധാന പ്രസ്ഥാനങ്ങളുടെ കാര്യമാണ് അച്ചൻകുഞ്ഞ് പറയുന്നത്. പക്ഷേ കുമ്മനത്തിന്റെ ലിസ്റ്റിൽ കെ.പി.യോഹന്നാൻ ഉൾപ്പെടെയുള്ളവർ ഉണ്ടെന്നു കരുതാം. അങ്ങനെയെങ്കിൽ ഈ കണക്ക് ഏറെക്കുറെ ശരിയാകാനാണ് സാദ്ധ്യത. പെന്തക്കോസ്ത് സഭകൾക്ക് ലഭിക്കുന്ന പണത്തിന് കണക്കുണ്ട്. അത് സുതാര്യവുമാണ്. പക്ഷേ പെന്തക്കോസ്ത് ലേബലുള്ള മറ്റു നിരവധി പ്രസ്ഥാനങ്ങൾ കേരളത്തിലുണ്ട്. അവയ്ക്ക് എത്ര രൂപ ലഭിക്കുന്നു എന്നോ എങ്ങനെ ചെലവാക്കുന്നു എന്നോ പറയാനാവില്ല. ഇത്തരം പ്രസ്ഥാനങ്ങൾ സർക്കാരിന് കൊടുക്കുന്ന കണക്കുകൾ വ്യാജമാണ്.

''പണം കൊടുത്താൽ മതം ഉപേക്ഷിക്കുന്നവരാണോ ഇവിടത്തെ ഹൈന്ദവ സഹോദരങ്ങൾ'' എന്ന് അച്ചൻകുഞ്ഞ് ചോദിക്കുന്നു. എല്ലാ മതത്തിലും വിവിധ തരക്കാരായ ആളുകളുണ്ട്. എത്ര പണം കിട്ടിയാലും സ്വന്തം മതം ഉപേക്ഷിക്കാത്ത തീവ്ര വിശ്വാസികൾ എല്ലാ മതത്തിലുമുണ്ട്. പണം കിട്ടിയാൽ മതം ഉപേക്ഷിക്കുന്നവരും ഉണ്ടാകും. പണത്തിനായി ദുരുപദേശക്കാരുടെ പിന്നാലെ പോയ പെന്തക്കോസ്തുകാരെ അച്ചൻകുഞ്ഞിനു തന്നെ പരിചയമുണ്ടാകുമല്ലോ. അതുകൊണ്ട്, പണം കൊടുത്ത് ഒരു ഹിന്ദുവിനേപ്പോലും മതപരിവർത്തനം ചെയ്യാൻ പറ്റില്ല എന്ന വാദം ശരിയല്ല.

''പെന്തക്കോസ്തുകാർ പ്രചരിപ്പിക്കുന്ന മതസന്ദേശത്തിൽ എന്തെങ്കിലും കുഴപ്പമുണ്ടോ? യേശുക്രിസ്തുവിലൂടെ മനുഷ്യന് പാപമോചനമുണ്ടെന്നും ക്രിസ്തുവിൽ വിശ്വസിക്കുന്നവർ വിദ്വേഷവും വെറുപ്പും വെടിഞ്ഞ് മറ്റുള്ളവരെ സ്നേഹിക്കണമെന്നുമാണ് പെന്തക്കോസ്തുകാർ പ്രചരിപ്പിക്കുന്നത്'', അച്ചൻകുഞ്ഞ് പറയുന്നു. കണ്ണടച്ച് ഇരുട്ടാക്കാനുള്ള ശ്രമമാണിത്. യേശുവിലൂടെ പാപമോചനം ഉണ്ടെന്നു മാത്രമല്ല, യേശുവിലൂടെ മാത്രമേ പാപമോചനം ഉള്ളൂ എന്നും പെന്തക്കോസ്തുകാർ പഠിപ്പിക്കുന്നു. യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്നവർ അന്യദൈവാരാധന ഉപേക്ഷിച്ചേ മതിയാകൂ. ഒരു ഹിന്ദു യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുമ്പോൾ ഹിന്ദു മതത്തേയും ആ മതത്തിലെ വിശ്വാസാചാരങ്ങളേയും ഉപേക്ഷിക്കാതെ തരമില്ല. യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്നവർക്ക് കേവലം മന:പരിവർത്തനം മാത്രമല്ല മതപരിവർത്തനവും നടത്തേണ്ടതായി വരും എന്നത് ഒരു വസ്തുതയാണ്. ഇത് മറച്ചുവെയ്ക്കുന്നത് വഞ്ചനയാണ്.

''ടൂറിസ്റ്റ് വിസയിൽ വരുന്നവരിൽ ഭൂരിപക്ഷവും പോകുന്നത് അമൃതാനന്ദമയീമഠത്തിലേക്കാണോ പെന്തക്കോസ്ത് കേന്ദ്രങ്ങളിലേക്കാണോ എന്ന് കുമ്മനം അന്വേഷിച്ചിട്ടുണ്ടോ'' എന്ന് അച്ചൻകുഞ്ഞ് ചോദിക്കുന്നു. അമൃതാനന്ദമയീമഠത്തിലേക്ക് പോകുന്നവർ അവിടത്തെ ആരാധനയിൽ പങ്കെടുക്കുക മാത്രമാണ് ചെയ്യുന്നത്. പക്ഷേ ടൂറിസ്റ്റ് വിസയിൽ എത്തുന്ന പെന്തക്കോസ്ത് മിഷനറിമാർ പെന്തക്കോസ്ത് സഭകളിൽ പോയി ആരാധനയിൽ പങ്കെടുക്കുക മാത്രമല്ല, മതപ്രചരണം നടത്തുകയും ചെയ്യുന്നു. ഇത് നിയമവിരുദ്ധമാണെന്നാണ് കുമ്മനം പറയുന്നത്.

ഏറ്റവും അധികം വിദേശ പണം വരുന്നത് അമൃതാനന്ദമയീ മഠത്തിലേക്കാണെന്ന് തോന്നുന്നു. പക്ഷേ അതിന്റെ ഭൂരിഭാഗവും ചാരിറ്റിക്കുവേണ്ടിയാണ് വിനിയോഗിക്കുന്നത്. പക്ഷേ ചാരിറ്റിയുടെ പേരിൽ വരുന്ന പണം ഉപയോഗിച്ച് മതപ്രചരണം നടത്തുന്നതിനെതിരെയാണ് കുമ്മനം പ്രതികരിക്കുന്നത്. മതസ്വാതന്ത്ര്യത്തിന്റെ പേരിൽ നിയമ ലംഘനം നടത്തുന്നത് ന്യായീകരിക്കാനാവില്ല.

വിദേശ രാജ്യങ്ങളിൽ പോകുന്ന അമൃതാനന്ദമയീഭക്തർ അവിടെ ക്രിസ്തുവിനെയാണോ പ്രസംഗിക്കുന്നത് എന്ന് അച്ചൻകുഞ്ഞ് ചോദിക്കുന്നു. അത് അർത്ഥമില്ലാത്ത ചോദ്യമാണ്. അമൃതാനന്ദമയിയുടെ വിശ്വാസാചാരങ്ങളാണ് അമൃതാനന്ദമയീഭക്തർ പ്രചരിപ്പിക്കുന്നത്. അങ്ങനെ ചെയ്യാൻ നിയമപരമായ സ്വാതന്ത്ര്യമുള്ളിടത്ത് അവർ അത് പരസ്യമായി ചെയ്യും. മതസ്വാതന്ത്ര്യമില്ലാത്തിടത്ത് അമൃതാനന്ദമയിയുടെ മതം ആരെങ്കിലും പ്രചരിപ്പിക്കുന്നുണ്ടോ എന്ന് അറിഞ്ഞുകൂടാ. ഉണ്ടെങ്കിൽ അവരെ നിയമം പിടികൂടട്ടെ.

''കുമ്മനം സെക്രട്ടറി ആയിരിക്കുന്ന സംഘടന വിശ്വം മുഴുവൻ ഭാരതത്തിൽ മാത്രമുള്ളതാണോ അതോ വിശ്വം മുഴുവനുമുള്ള ഹിന്ദുക്കളെ ഉൾക്കൊള്ളുന്നതാണോ'' എന്ന് അച്ചൻകുഞ്ഞ് ചോദിക്കുന്നു. ലോകമെമ്പാടുമുള്ള ഹിന്ദുക്കളെ ഉൾക്കൊള്ളുന്ന ഒരു സംഘടന ഉണ്ടാക്കുന്നത് തെറ്റാണോ? അതിനുള്ള സ്വാതന്ത്ര്യം ഹിന്ദുക്കൾക്കില്ലേ? വിശ്വഹിന്ദു പരിഷത്തിന് വിദേശപണം കിട്ടുന്നുണ്ടോ എന്നും അച്ചൻകുഞ്ഞ് ചോദിക്കുന്നു. അതിനുള്ള മറുപടി കുമ്മനം പറയട്ടെ. വിദേശ പണം കിട്ടുന്നുണ്ടെങ്കിൽ അത് ഈ രാജ്യത്തെ നിയമം അനുസരിച്ച് വിനിയോഗിക്കണം. പെന്തക്കോസ്തുകാർക്ക് ഒരു നിയമവും വി.എച്ച്.പിക്ക് മറ്റൊരു നിയമവും ഉണ്ടാകരുത്.

അച്ചൻകുഞ്ഞ് പറയുന്ന പലതിനോടും ഡിഫെൻഡർ വിയോജിക്കുന്നതുകൊണ്ട് കുമ്മനം പറഞ്ഞതെല്ലാം വേദവാക്യമായി അംഗീകരിക്കുന്നു എന്ന് അർത്ഥമില്ല. കുമ്മനം പറഞ്ഞതിന്റെ മെസേജ് ഡിഫെൻഡർ അംഗീകരിക്കുന്നു. പക്ഷേ തെറ്റിദ്ധാരണമൂലം ചില അബദ്ധങ്ങളും അതിൽ വന്നിട്ടുണ്ട്. വിശദീകരിക്കാം.

ഐ.പി.സി., ശാരോൻ, ചർച്ച് ഓഫ് ഗോഡ്, എ.ജി എന്നിവയാണ് കേരളത്തിലെ പ്രധാന പെന്തക്കോസ്ത് സഭകൾ. ചെറുതും വലുതുമായ ഒട്ടേറെ സഭകൾ വേറെയുമുണ്ട്. ഇവയിൽ ഭൂരിപക്ഷത്തിനും കാര്യമായ വിദേശ സഹായം ഒന്നും ലഭിക്കുന്നില്ല എന്നു പറഞ്ഞാൽ വിശ്വസിക്കാൻ ബുദ്ധിമുട്ടുണ്ടാകും എങ്കിലും സത്യമാണ്. ഈ സഭകൾ കൺവെൻഷൻ നടത്തുന്നതും സഭാഹാളുകൾ ഉണ്ടാക്കുന്നതും സഭാംഗങ്ങൾ നൽകുന്ന സംഭാവന കൊണ്ടു മാത്രമാണ്. ഈ സഭകളിലെ അംഗങ്ങളായ പലരും ഗൾഫിലും അമേരിക്കയിലും മറ്റും ജോലി ചെയ്ത് ഉണ്ടാക്കുന്ന പണവും സംഭാവനയായി ലഭിച്ചെന്നു വരാം. ഇത്തരത്തിലുള്ള സംഭാവനകളെ വിദേശ പണത്തിന്റെ കണക്കിൽ പെടുത്തുന്നത് ശരിയല്ല. വിദേശികളായ ആളുകൾ പെന്തക്കോസ്ത് സംഘടനകൾക്ക് നൽകുന്ന സംഭാവനയാണ് യഥാർത്ഥ വിദേശ പണം. ഇത്തരത്തിലുള്ള പണം വളരെ കുറച്ചു മാത്രമേ പെന്തക്കോസ്ത് സംഘടനകൾക്ക് ലഭിക്കുന്നുള്ളൂ. എഫ്.സി.ആർ.എ. നിയമപ്രകാരം എത്തുന്ന ഈ പണം കൃത്രിമ മാർഗ്ഗങ്ങളിലൂടെ വകമാറ്റി ചെലവഴിക്കുക അത്ര എളുപ്പമല്ല.

ഇറ്റലി, ഫ്രാൻസ്, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് പെന്തക്കോസ്ത് സംഘടനകൾക്ക് കാര്യമായ സഹായമൊന്നും ലഭിക്കുന്നില്ല. അമേരിക്കയിൽ നിന്നും കാനഡയിൽ നിന്നും ലഭിക്കുന്നുണ്ട്.

റിപ്പബ്ലിക് ദിനം, സ്വാതന്ത്ര്യ ദിനം തുടങ്ങിയവ ഒരു പെന്തക്കോസ്ത് സഭയും വിപുലമായി ആഘോഷിക്കാറില്ല. അതുകൊണ്ട് ഈ വകയിൽ കള്ളക്കണക്ക് ഉണ്ടാക്കാനും പറ്റില്ല. കെ.പി.യോഹന്നാൻ ഇങ്ങനെ ചെയ്തിട്ടുണ്ടാകാം. പക്ഷേ കെ.പി.യോഹന്നാൻ പെന്തക്കോസ്തുകാരനാണെന്ന് കെ.പി.യോഹന്നാൻ പോലും പറയുമെന്ന് തോന്നുന്നില്ല. എന്നാലും ചെറുവള്ളി എസ്റ്റേറ്റ് വാങ്ങാനുള്ള പണം ഇങ്ങനെ വെട്ടിച്ചുണ്ടാക്കാൻ പറ്റുമോ എന്ന് സംശയമാണ്. എസ്റ്റേറ്റ് വാങ്ങിയ കണക്ക് കെ.പി.യോഹന്നാൻ വെളിപ്പെടുത്തിയിട്ടില്ലെങ്കിൽ അദ്ദേഹത്തിനെതിരെ കുമ്മനം തീർച്ചയായും നിയമനടപടി സ്വീകരിക്കണം.

ബഹുരാഷ്ട്ര കമ്പനികൾക്കു ലഭിക്കുന്ന പണം പെന്തക്കോസ്ത് സഭകൾക്ക് ലഭിക്കുന്നതായി അറിവില്ല. സുനാമിയുടെ പേരിൽ ഒട്ടേറെ തട്ടിപ്പുകൾ നടന്നു എന്നത് ശരിതന്നെ. ഇന്ത്യയിൽ സുവിശേഷ പ്രവർത്തനം നടത്താൻ ഇനി വിദേശികൾ വരേണ്ട ആവശ്യമില്ല. ഇന്ത്യയിലുള്ള സുവിശേഷകർക്ക് സുവിശേഷം നന്നായി അറിയാം. വിദേശികളെ കൊണ്ടുവരുന്നത് ചിലരുടെ സ്വാർത്ഥ ലാഭത്തിനാണ്. അത് എതിർക്കപ്പെടേണ്ടതാണ്.

(നാലാം പേജിലെ ലേഖനം കൂടി വായിക്കുക).

## മതപരിവർത്തനത്തിന് ഉപയോഗിക്കുന്നത് വിദേശ പണം: കുമ്മനം രാജശേഖരൻ

(വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന സംഘടനാ സെക്രട്ടറി)

കേരളത്തിലെ വിവിധ പെന്തക്കോസ്ത് വിഭാഗങ്ങൾക്ക് പ്രതിവർഷം 800 കോടിയോളം വിദേശ സഹായം കിട്ടുന്നുണ്ട്. ഈ പണം ചാരിറ്റി പ്രവർത്തനത്തിനു മാത്രം വിനിയോഗിക്കണമെന്നാണ് കേന്ദ്ര നിയമം. മതപരമായ ചടങ്ങുകൾക്കോ മതപരിവർത്തനത്തിനോ മതപ്രചാരണത്തിനോ ഉപയോഗിക്കാൻ പാടില്ല. എന്നാൽ നിയമം ലംഘിച്ച് മതപരിവർത്തനത്തിനും പ്രചരണത്തിനുമാണ് ഇവിടെ വരുന്ന പണത്തിന്റെ ഭൂരിപക്ഷവും ചെലവഴിക്കുന്നത്. അമേരിക്ക, കാനഡ, ഇറ്റലി, ജർമ്മനി, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളിൽ നിന്നാണ് ഫണ്ട് വരുന്നത്. വിവിധ പെന്തക്കോസ്ത് വിഭാഗങ്ങൾ കേന്ദ്രസർക്കാരിനു സമർപ്പിക്കുന്ന കണക്കുകളിൽ ചെലവഴിച്ച ഇനങ്ങളേക്കുറിച്ച് കള്ളക്കണക്കാണ് നൽകുന്നത്. റിപ്പബ്ലിക്ക് ദിനാഘോഷത്തിനും സ്വാതന്ത്ര്യ ദിനാഘോഷത്തിനുമൊക്കെ കോടികൾ ചെലവഴിച്ചു എന്നാണ് കണക്കു കൊടുക്കുക. ഭീമമായ തുക മതപ്രചരണത്തിനു ചെലവഴിച്ചിട്ടാണ് റിപ്പബ്ലിക്ക് ദിനവും സ്വാതന്ത്ര്യ ദിനവും ആഘോഷിച്ചതിന്റെ കള്ളക്കണക്കു പറയുന്നത്. കോടികൾ ചെലവഴിച്ച് ഏതു സമുദായ സംഘടനയാണിവിടെ റിപ്പബ്ലിക് ദിനവും സ്വാതന്ത്ര്യ ദിനവും ആഘോഷിക്കുന്നത്? ഇതൊക്കെ കള്ളക്കണക്കാണെന്ന് അറിയാമെങ്കിലും കേന്ദ്ര ഗവൺമെന്റ് നടപടി എടുക്കാറില്ല.

2005 ഏപ്രിൽ ഒന്നിനും ഓഗസ്റ്റ് 31നുമിടയിൽ ആറു മാസക്കാലയളവിൽ മാത്രം കെ.പി.യോഹന്നാനു ലഭിച്ച വിദേശപ്പണം 46 കോടി രൂപയാണ്. ഈ കാലയളവിലാണ് കെ.പി.യോഹന്നാൻ 2500 ഏക്കർ വരുന്ന ചെറുവള്ളി റബ്ബർ എസ്റ്റേറ്റ് വാങ്ങിയത്. എന്നാൽ കേന്ദ്ര സർക്കാരിനു സമർപ്പിച്ച കണക്കിൽ എസ്റ്റേറ്റ് വാങ്ങിയ വിവരമൊന്നുമില്ല. റിപ്പബ്ലിക് ദിനവും സ്വാതന്ത്ര്യ ദിനവും ആഘോഷിച്ചത് കോടികൾ മുടക്കി റബ്ബർ എസ്റ്റേറ്റ് വാങ്ങാനായിരുന്നുവെന്ന് വ്യക്തം.

കേരളത്തിൽ സുനാമി ബാധിതർക്ക് യോഹന്നാൻ ഒരു സഹായവും ചെയ്തില്ല. ശ്രീലങ്കയിൽ സഹായിച്ചുവെന്നു പറയുന്നു. ഇങ്ങനെയാണോ ജീവകാരുണ്യ പ്രവർത്തനം. പെന്തക്കോസ്തുക്കളുടെ പ്രധാന പരിപാടി മതപ്രചരണവും അതിന്റെ മറവിലുള്ള സാമ്പത്തിക ഇടപാടുകളുമാണ്. ബഹുരാഷ്ട്രക്കമ്പനികളുടെ പേരിൽ വരെ വരുന്ന പണം ഇക്കാര്യത്തിന് ഉപയോഗിക്കുന്നുണ്ട്. പണം ഉപയോഗിച്ച് മതത്തെ മാർക്കറ്റ് ചെയ്യുകയാണ്. ടൂറിസ്റ്റ് വിസയിൽ വരുന്ന വിദേശ പാസ്റ്റർമാർ സുവിശേഷ പ്രചാരണം നടത്തുന്നു. ടൂറിസ്റ്റ് വിസയിൽ വന്ന് മതപ്രചാരണം നടത്തുന്നത് നിയമലംഘനമാണ്. അതാണിവിടെ നടക്കുന്നത്.




Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan